

# ടൈംസ് ഓഫ് അമേരിക്കൻമലയാളി

## സാംസ്കാരികം

TIMES OF AMERICAN MALAYALI

2021
ജനുവരി





Cheif Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**



www.timesofamericanmalayali.com





2

Friends, Abhishek from Mumbai has posted a message on NAMO App. He has written that whatever 2020 revealed to us, taught us was unthinkable. He has written on myriad aspects of CORONA. In these letters, in these messages, one common special factor that comes across to me is something that I would like to share with you. In most of the letters people have commended the country's capabilities and the collective strength of the countrymen. When a novel experiment such as Janta curfew became an inspiration for the whole world, when the country felicitated our corona warriors unitedly with Taali-thaali, the applause and the reverberating chime of plates…..people have sent in reminiscences of that too.

പ്രഭാഷണം



സുഗതകുമാരി

### ഞങ്ങൾ കവികൾ പറഞ്ഞു കൊണ്ടേയിരിക്കുന്നു

3

ഞങ്ങളുടെ പ്രാർത്ഥനാമുറിയിൽ മൂന്നു മതങ്ങളുടെ ചിഹ്നങ്ങളുണ്ട്. അഭയയുടെ പ്രാർത്ഥനാമുറിയിൽ നിന്നും കുരിശ് മാറ്റണമെന്ന് അമേരിക്കയിലെ വിശ്വഹിന്ദുപരിഷത്ത് എന്നോട് ആവശ്യപ്പെട്ടു. യുണൈറ്റഡ് ക്രിസ്ത്യൻ ചർച്ച് ഇൻ അമേരിക്ക എന്ന സംഘടനയുടെ ഭാരവാഹികൾ പറഞ്ഞത് അഭയ ഹിന്ദുക്കളുടെ സംഘടനയെന്നാണ്. അവിടുത്തെ വിശ്വ ഹിന്ദു പരിഷത്തിന്റെ ആളുകൾ പറഞ്ഞു നിങ്ങളുടെ പ്രാർത്ഥനാമുറിയിൽ കുരിശില്ലെ. പിന്നെ നിങ്ങളെ ഞങ്ങൾ എങ്ങനെ സഹായിക്കും.... എനിക്ക് ശുദ്ധ ഹിന്ദുവിന്റെയും സത്യക്രിസ്ത്യാനിയുടെയും സത്യമുസ്ലിമിന്റേയും ഒന്നും പൈസ വേണ്ട. ഏത് ക്രിസ്ത്യാനി, ഏതു ഹിന്ദു, ഏതു മുസ്ലിം, ഇന്ത്യയിൽ നമുക്ക് ഒന്നിച്ചു ജീവിക്കാൻ പഠിക്കാം.

### വി.പി.മേനോനും ഇന്ത്യയുടെ ഏകീകരണവും

4

വി.പി.ജോയ് വാഴയിൽ



അന്യാദൃശമായ ഒരു വ്യക്തിത്വമായിരുന്നു വി.പി. മേനോന് ഉണ്ടായിരുന്നത്. കേരളത്തിലെ ഗ്രാമീണ കുടുംബത്തിൽ പിറന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസം മാത്രം സിദ്ധിച്ച വി.പി.മേനോൻ ഇന്ത്യാ ഗവൺമെന്റിന്റെ അത്യുന്നത തലങ്ങളിലെത്തിച്ചേർന്നത് തികച്ചും വിസ്മയകരമായ കഥയാണ്. 1894 സെപ്റ്റംബർ 30ന് ഒറ്റപ്പാലത്തെ ഒരു കർഷകകുടുംബത്തിലാണ് വി.പി.മേനോന്റെ ജനനം. എട്ടാം ക്ലാസു കഴിഞ്ഞപ്പോൾ സ്വന്തം സാഹസികത കൊണ്ട് നാടുവിട്ട വി.പി.മേനോൻ കുറെക്കാലം മൈസൂർ രാജ്യത്തെ സ്വർണ്ണഖനികളിൽ തൊഴിലാളിയായി പണിയെടുത്തു. തുടർന്ന് അദ്ദേഹം ഒരു സ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി. അവിടെനിന്ന് മേനോൻ ഡൽഹിയിലെത്തി.

### മറ്റു പംക്തികൾ

**വിവേകാനന്ദസൂക്തം**



കൈവല്യാനന്ദ

**ആകാശത്തേക്കു മടങ്ങിയ ഗരുഡൻ**



അമ്പലപ്പുഴ ഗോപകുമാർ

**ജനുവരി വിശേഷം**





**വേർപാട്**





# മനുഷ്യാവസ്ഥയുടെ സങ്കടങ്ങളായിത്തീരുന്നു സുഗതകുമാരിക്കവിതകൾ

■ പെരുമ്പടവം ശ്രീധരൻ

മാവേലിക്കര എനിക്ക് ഇഷ്ടപ്പെട്ട സ്ഥലമാണ്. എനിക്കിവിടെ പലേ സുഹൃത്തുക്കളുണ്ട്. എവിടെയായിരുന്നാലും ഡിസംബർ 31ന് അർദ്ധരാത്രികഴിയുമ്പോൾ വിളിക്കുന്ന ഒരു സുഹൃത്തുണ്ടായിരുന്നു. നരേന്ദ്രപ്രസാദ്. ഇപ്പോഴിവിടെ പല സുഹൃത്തുക്കളുണ്ട്.

ഓണാട്ടുകരസംസ്കാരത്തിന്റെ തലസ്ഥാനമായിട്ടാണ് മാവേലിക്കരയെ ഞാൻ കാണുന്നത്. ഗുരുനിത്യചൈതന്യയതി ലൈബ്രറിയിൽ മുമ്പ് ഞാൻ വന്നിട്ടുള്ളതാണ്. ഇനിയും ഇതിലെ കടന്നുപോകുമ്പോഴൊക്കെ ഞാൻ വരികയും ചെയ്യും. ഒരൂണും ഒരു മുണ്ടും കിട്ടും എന്ന ഒരുറപ്പ് എനിക്കുണ്ട്.

സുഗതകുമാരിയെക്കുറിച്ചുള്ള അനുസ്മരണത്തിൽ പങ്കെടുക്കാൻ കഴിയുന്നു എന്നത് സന്തോഷകരമായ കാര്യമാണ്. അവരെ ഓർമിക്കാൻ കിട്ടുന്ന അവസരം എന്ന നിലയ്ക്കാണ് അത് സന്തോഷകരമായിത്തീരുന്നത്. പക്ഷേ, എനിക്കെന്നല്ല, സകല മലയാളികൾക്കും അത് സങ്കടത്തിന്റെ ഓർമയാണ്. ഒരിക്കലും സന്തോഷത്തോടുകൂടി അത് ഓർമിക്കാൻ കഴിയാത്തതാണ്. നമുക്ക്, മലയാളത്തിന് സംഭവിച്ച നഷ്ടം എത്രയധികമാണെന്നു കണക്കാക്കാൻ നിവർത്തിയില്ല. ഭാഷയിൽ ഇനി ഇതുപോലൊരു നഷ്ടം സംഭവിക്കാനില്ല എന്നു തോന്നിപ്പോകുന്നു.

നമുക്കൊക്കെയും അടുപ്പമുള്ള ആളായിരുന്നു സുഗതകുമാരി. സുഗതകുമാരിയെക്കുറിച്ച് അവരുടെ വേർപാടിനുശേഷം ധാരാളം എഴുതുകയും ഞാൻ അതു മുഴുവൻ വായിക്കുകയും ചെയ്തിട്ടുണ്ട്. ഓരോരുത്തരും അവരുടെ വീക്ഷണത്തിൽ നിന്നുകൊണ്ട് അവരവരുടെ വ്യക്തിബന്ധങ്ങളിൽ ഊന്നിക്കൊണ്ടാണ് മിക്കവാറും ലേഖനങ്ങളൊക്കെ എഴുതിയിട്ടുള്ളത്. അതൊക്കെ അർത്ഥവത്താണ്. ഓർമിക്കപ്പെടേണ്ടതുതന്നെയാണ്. എഴുതുന്നവരുടെ മാത്രമല്ല, മറ്റുള്ളവരുടെയും ഓർമയിൽ തങ്ങിനിൽക്കാൻ കഴിയുന്നതാണ് അവയൊക്കെയും എന്നെനിക്ക് തീർച്ചയുണ്ട്. ഓർമയുടെ സന്ദർഭത്തിൽ അധികമായി സംസാരിക്കുന്നത് ശരിയല്ലായെന്ന് എനിക്കറിയാം. അതിന്റെ ആവശ്യവുമില്ല.

ബാലാമണിയമ്മയ്ക്കുശേഷം മലയാളത്തിലെ ഏറ്റവും പ്രമുഖയായ കവി എന്നൊരു നിരീക്ഷണം എവിടെയോ വായിക്കുകയുണ്ടായി. ഒരർത്ഥത്തിൽ അത് ശരിയാണ്. പക്ഷേ, ബാലാമണിയമ്മയിൽ നിന്നൊക്കെ എത്രയോ വലിയ ദൂരങ്ങളിലേക്കാണ് സുഗതകുമാരി സഞ്ചരിച്ചതെന്ന് അവരുടെ കാവ്യഭാഷ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകും. കവിതയ്ക്ക് ആത്മീയമായ ഒരു ഭാഷയുണ്ടെന്നും, അത് ചില ആത്മീയമായ അനുഭവങ്ങളെയാണ് ആവിഷ്കരിക്കുന്നതെന്നും മനസ്സിലാകും. സുഗതകുമാരിയുടെ കവിതകളിൽ അവരുടെ ആത്മവ്യഥകളുടെയും ആത്മസംഘർഷങ്ങളുടെയും കടലിളക്കങ്ങൾ നമുക്ക് കേൾക്കാൻ കഴിയും. പുതിയൊരു ഭാവുകത്വത്തിലേക്ക് അത് നമ്മെ ഉയർത്തിക്കൊണ്ടുപോകുകയും ചെയ്യും. അത് വലിയൊരു അനുഭവമാണ്.

എനിക്ക് അവരുമായി ഏറെ അടുപ്പമുണ്ടായിരുന്നുവെന്ന് ഇപ്പോൾ പറയുന്നത് അതിലെ നഷ്ടബോധത്തോടുകൂടിതന്നെയാണ്. തിരുവനന്തപുരത്ത് ഞങ്ങൾ ഒന്നിച്ചുണ്ടായിരിക്കുമ്പോൾ പല സമ്മേളനങ്ങളിൽ ഒന്നിച്ചു കാണുകയും വിശേഷങ്ങൾ ചോദിക്കുകയും ചെയ്യും. എനിക്ക്, മാധവിക്കുട്ടിക്കുശേഷം ഇത്രയേറെ അടുപ്പം മറ്റൊരു എഴുത്തുകാരിയുമായി ഉണ്ടായിട്ടില്ല. വേറെ ആളുകൾ ഇല്ലാഞ്ഞിട്ടല്ല, മാധവിക്കുട്ടിക്കുശേഷം സുഗതകുമാരിയോടായിരുന്നു ഏറെ അടുപ്പം ഉണ്ടായിരുന്നത്. എപ്പോൾ കാണുമ്പോഴും വ്യക്തിപരമായ കാര്യങ്ങളൊക്കെ ചോദിക്കുകയും എന്റെ കുടുംബകാര്യങ്ങളും ചോദിക്കുമായിരുന്നു. ഞാൻ കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായിരുന്ന കാലത്ത് മി



**2020 December**




**Friends, the most common amongst the common folk of the country has felt this transformation. I have witnessed an extraordinary ripple of hope in the country. There came multiple challenges … many a crisis. On account of Corona, the world faced numerous hurdles in terms of supply chains…But we learnt a new lesson with every crisis. The country was blessed with newer capabilities. Putting it into words…this capacity is termed as "Atmanirbharta"- self reliance.**

**My** dear countrymen, Namaskar. Today is the 27th of December. Just four days later, 2021 is about to usher in. In a way, today's Mann Ki Baat is the concluding Mann Ki Baat of 2020. The next Mann Ki Baat will commence in 2021. Friends, numerous letters written by you are there in front of me. The suggestions you sent on Mygov too are there. Many have expressed themselves over the phone. Most of the messages comprise experiences of the year gone by and resolutions for 2021. Anjali from Kolhapur has written that on new year, we offer greetings and good wishes to others …let us do something novel this time! Why don't we greet our country; send best wishes to the country too! May our country touch newer heights in 2021… May India's image in the world strengthen further…what could be a greater wish than this!

Friends, Abhishek from Mumbai has posted a message on NAMO App. He has written that whatever 2020 revealed to us, taught us was unthinkable. He has written on myriad aspects of CORONA. In these letters, in these messages, one common special factor that comes across to me is something that I would like to share with you. In most of the letters people have commended the country's capabilities and the collective strength of the countrymen. When a novel experiment such as Janta curfew became an inspiration for the whole world, when the country felicitated our corona warriors unitedly with Taali-thaali, the applause and the reverberating chime of plates…..people have sent in reminiscences of that too.

Friends, the most common amongst the common folk of the country has felt this transformation. I have witnessed an extraordinary ripple of hope in the country. There came multiple challenges … many a crisis. On account of Corona, the world faced numerous hurdles in terms of supply chains…But we learnt a new lesson with every crisis. The country was blessed with newer capabilities. Putting it into words…this capacity is termed as "Atmanirbharta"- self reliance.

Friends, the experience that Abhinav Banerjee from Delhi has written to me is very interesting too. Abhinav ji wanted to buy some toys and gifts for children in the family….hence he had gone to Jhandewalan market in Delhi.

Many of you might be aware that this market in Delhi is known for bicycles and toys. Earlier even expensive toys there would mean imported ones; cheaper toys too would come in from elsewhere too. But Abhinav ji has mentioned in his letter that many shopkeepers are selling toys to customers emphasizing on the quality, saying those are better toys since they are Made In India. Customers too are demanding India made toys. Indeed, this is it- a big transformation in the mindset… this is living proof of the same. A huge change has begun in the minds of our countrymen…that too within a year. It is not easy to gauge this change. Even economists would not be able to assess it on their parameters.

Friends, what Venkat Murli Prasad from Vishakhapatnam has written to me also contains an idea of an entirely different kind. Venkat ji has written that he is attaching for me his ABC for 2021. I could not understand what he meant by ABC. Then I saw that Venkat ji had attached a chart along with the letter. I glanced at the chart and realised what he meant by ABC…Atmanirbhar Bharat Chart. This is very interesting. Venkat ji has prepared a list of all those items that he uses on a daily basis. It comprises electronics, stationery, self care items besides many other things. Venkat ji has said that knowingly or unknowingly, we are using those foreign products whose substitutes are easily available in India. He has now vowed that he would use only that product that bears the mark of our countrymen's toil and sweat.

Friends, but along with that he has also referred to something which I found pretty interesting. He has written that while we are supporting a self reliant India, there should be a clear message for our manufacturers that they should not compromise on the quality of the products. What he says is right. This is the opportune moment to work with the ethos of 'zero effect, zero defect'. I urge manufacturers and industry leaders of the country … people of the country have taken a firm step…moving a bold step forward…vocal for local is reverberating in each and every household….in such a scenario, it is time to ensure that our products meet global standards. Whatever is global best; we should make it in India and prove it. For that, our entrepreneur friends have to come forward. Startups too have to come forth. Once again, I congratulate Venkat ji on his stellar effort.

Friends, we have to cherish this sentiment…preserve it and keep nurturing it as well. I have said this earlier too…I once again urge countrymen…do prepare a list. Whatever items we use throughout the day ….analyse them ….think of things manufactured abroad that have permeated into our lives unknowingly, in a way, shackling us down. Let us find out their substitutes made in India. and decide that henceforth we shall use products made with the hard work and sweat of the people of India. You make New Year resolutions every year…this time one has to certainly make a resolution for the sake of the country.

My dear countrymen, in order to protect our millennia old culture, civilization and traditions from the cruel misdemeanors of tyrants & tormentors many a supreme sacrifice was made…….It is a day to remember them too.On this day the sons of Guru Gobind Singh, sahibzade Zorawar Singh and Fateh Singh were immured alive. The tyrants wanted sahibzade to renounce their faith; abandon the teachings of the great Guru tradition. But, our sahibzade showed amazing courage and determination even at that tender age. During the immurement, as stones began piling up, gradually raising the height of the wall……. death staring into the face…..despite that, they did not budge even a bit. It was on this day itself that Guru Gobind Singh ji's mother -Mata Gujari attained martyrdom. About a week ago, it was the Martyrdom Day of Shri Guru Tegh Bahadur ji too. Here in Delhi, I was blessed with the opportunity to visit Gurudwara Rakabganj to offer floral tributes and pay my obeisance to Guru Tegh Bahadur ji. During this very month, inspired by Shri Guru Gobind Singh ji, many people sleep on the floor. People reminisce the supreme sacrifices made by family members of Shri Guru Gobind Singh ji with immense reverence. This martyrdom served as a new beacon of learning for entire humanity; for the country. This martyrdom served towards the great deed of protecting our civilization. We are indebted to this martyrdom. Once again I bow to the martyrdom of shri Guru Tegh Bahadur ji, Mata Gujari, Guru Gobind Singh ji and the four Sahibzade. Several such sacrifices have preserved the present fabric of India, keeping it intact.

My dear countrymen, I am now going to tell you something that will gladden you and make you feel proud as well. In India, between 2014 and 2018, the number of leopards has risen by more than 60 percent. In 2014, the number of leopards in the country was about 7,900, whereas in 2019 it increased to 12,852. These are the very leopards about which Jim Corbett had said: "Those who have not seen a leopard wandering free in nature, cannot imagine its beauty…. cannot visualise the beauty of its colours and the charm of its gait." In most parts of the country, especially central India, the number of leopards has risen. Amongst the states with the maximum population of leopards Madhya Pradesh, Karnataka and Maharashtra are topmost in the order. This is a big achievement for year. Leopards, across the world have been facing dangers; their habitat has faced loss in the entire world. In such circumstances, the continued growth of the population of leopards in India has shown a way to the entire world. You must also be aware that in the past few years, the population of lions in India has risen; the number of tigers too has increased. Also, there has been an increase in India's forest area,the reason for this is that not only the government but also many people, civil society, many institutions too are engaged in conserving our trees and plants and wild animals. They all deserve accolades.

Friends, I read about a heart-touching effort at Coimbatore in Tamilnadu. You too must have seen visuals of this on social media. We have seen wheelchairs for humans, but daughter Gayatri in Coimbatore, along with her father, made a wheelchair for a suffering dog. This sensitivity is inspiring and can happen only when a person is filled with kindness and compassion towards all life forms. In Delhi NCR and other cities of the country in the chilling cold, many people are doing a lot for the care of shelterless animals. They arrange for food, water, sweaters and even beds for those animals. Some people arrange food for hundreds of such animals every day. Such efforts should be commended. Several noble efforts are being undertaken in Kaushambi, Uttar Pradesh. There, prison inmates are making covers from old and torn blankets to protect cows from the cold. Besides Kaushambi, these blankets are collected from jails of other districts and then they are sewn and sent to gaushaalas, cow shelters. Prisoners of Kaushambi are sewing several covers every ➲7

പ്രഭാഷണം

# ഞങ്ങൾ കവികൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു....



സുഗതകുമാരി

*ഗുരുനിത്യചൈതന്യയതി ഫൗണ്ടേഷന്റെ പ്രഥമവാർഷികത്തിൽ നടത്തിയ പ്രഭാഷണം സുഗതകുമാരി ടീച്ചറിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്നു. ഇതിന്റെ പ്രസിദ്ധീകരണാവകാശം ഫൗണ്ടേഷന് നൽകിയിരിക്കുന്നതിനാൽ ഇത് പകർത്തുകയോ പുനഃപ്രസിദ്ധീകരിക്കാനോ പാടില്ല* – **ജോർജ് തഴക്കര**

**വ**ലിയവരോട് എനിക്ക് ഒന്നും പറയാനില്ല. ആരും ഒന്നും കേൾക്കുന്നില്ല, ശ്രദ്ധിക്കുന്നില്ല, സ്വീകരിക്കുന്നില്ല. വേദവ്യാസ മഹർഷി പറഞ്ഞതുപോലെ ഇരുകൈയും ഉയർത്തി ഞാൻ നിലവിളിച്ചു പറഞ്ഞുകൊണ്ടേയിരിക്കുന്നു. ആരും കേൾക്കുന്നില്ലല്ലോ. യോഹന്നാൻ സ്നാപകൻ പറഞ്ഞു, മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കുകളാണിവയെന്ന്. ആരു കേൾക്കാൻ, ആരു ശ്രദ്ധിക്കാൻ. എങ്കിലും ഞങ്ങൾ കവികൾ, എഴുത്തുകാർ പറഞ്ഞുകൊണ്ടേയിരിക്കുന്നു. അതു ശരിയല്ല, ഇന്ന ആപത്തുവരുന്നു. ഇന്ന കുഴപ്പമുണ്ടാകുന്നു. ഞാൻ പറയാറുണ്ട് കവികൾ കാട്ടിലെ കിളികളെപ്പോലെയാണെന്ന്. കാടിനു തീപിടിക്കുമ്പോൾ, അല്ലെങ്കിൽ ഒരു വേട്ടക്കാരൻ വരുമ്പോൾ ആദ്യത്തെ മുന്നറിയിപ്പ് നൽകുന്നത് കിളികളാണ്. അതുപോലെയാണ് ഞങ്ങൾ. പറഞ്ഞുകൊണ്ടേയിരിക്കുന്നു. വലിയവരുടെ ചെവിയിൽ ഒന്നും പതിക്കുന്നില്ല. എങ്കിലും കുഞ്ഞുങ്ങൾ കേൾക്കണമെന്ന ഒരപേക്ഷയുണ്ട്. നാളെ ഈ രാജ്യത്ത് ഭൂമിയിൽ ജീവിക്കേണ്ടത് നിങ്ങളാണല്ലോ.

**പതിനാറു വയസ്സുകാരിയുടെ അച്ഛൻ ഈയടുത്തിടെ റെയിൽ പാളത്തിൽ ചാടി മരിച്ചു. മൂന്നു കഷണങ്ങളായി. മൈനറായ ആ കുട്ടി ഒരു ഗുണ്ടാസംഘത്തിനോടൊപ്പം ഇറങ്ങിപ്പോയതാണ് കാരണം. ആ കുഞ്ഞിനെ രക്ഷിച്ചെടുക്കുവാൻ ഞങ്ങൾ ഒരുപാടു ശ്രമിച്ചതാണ്. മാന്യമായ ഒരു കുടുംബത്തിലെ, പൂജ ഒക്കെ ചെയ്തു ജീവിക്കുന്ന ഒരച്ഛന്റെ മകൾ. സംഘമായിട്ടാണ് അവർ വരുന്നത്. അവൾ അവരോടൊപ്പം പോകുകയാണ്. അതിസുന്ദരിയായ ഒരു പെൺകുട്ടി. മൂന്നുമണിക്കൂർ പാട്ടുകച്ചേരി നടത്തുന്ന ഒരു പതിനാറു വയസ്സുകാരി. അരുതെന്നു പറഞ്ഞുനോക്കിയിട്ടും അവൾ ഇറങ്ങിപ്പോയി. പ്രേമത്തിന്റെ പേരിലാണ്. മണൽ വാരിയും ചാരായം വിറ്റും നടക്കുന്ന ഗുണ്ടാസംഘത്തിലെ ഒരു ചെറുപ്പക്കാരനോടൊപ്പമാണ് അവൾ പോയത്. ഇങ്ങനെ പറയുവാൻ തുടങ്ങിയാൽ എനിക്കു പറയുവാൻ ഒരു പാടു കഥകളുണ്ട്.**

ശ്രീരാമകൃഷ്ണപരമഹംസർ, വിവേകാനന്ദൻ, ചട്ടമ്പസ്വാമികൾ, ശ്രീനാരായണഗുരു– ഇവരൊക്കെ അമാനുഷരായിരുന്നു. അവതാരങ്ങളായിരുന്നു. അവർ വന്നത് ഹിന്ദുവിനോ ക്രിസ്ത്യാനിക്കോ മുസ്ലീമിനോ വേണ്ടിമാത്രമായിരുന്നില്ല. മനുഷ്യർക്കുവേണ്ടിയാണ് അവർ വന്നത്. മനുഷ്യർക്കുവേണ്ടി ജീവിച്ച്, മനുഷ്യർക്കുവേണ്ടി നല്ല കാര്യങ്ങൾ പറഞ്ഞുതന്ന്, ഒരുപാട് ആദർശങ്ങളും, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശവും നമ്മുടെ മനസ്സിൽ എത്തിക്കുവാൻ ശ്രമിച്ചവരാണ്.

ക്രിസ്തുനാഥൻ മുതൽ ബുദ്ധൻ മുതൽ ചിന്തിച്ചാൽ ഗാന്ധിജിവരെയുള്ളവരെല്ലാം ഈ ഗുരുപരമ്പരയിൽപ്പെടും. അവർ പറഞ്ഞതിനു വലിയ വ്യത്യാസമൊന്നുമില്ല. അവരൊക്കെ പറഞ്ഞതിന്റെ അടിസ്ഥാനം എന്താണെന്നു മാത്രം നമുക്കൊന്നാലോചിക്കാം.

ഈ ഭൂമിയിൽ നാം എല്ലാം മനുഷ്യരായി, ഈശ്വരന്റെ മക്കളായി ജനിച്ചിരിക്കുന്നു. ഈശ്വരനെ ഏതു പേരിട്ടും നിങ്ങൾക്കു വിളിക്കാം. എങ്ങനെ വിളിച്ചാലും അവിടുന്നു വിളികേൾക്കും. ഏതു പേരിട്ടുവേണമെങ്കിലും വിളിച്ചോളൂ. രാമനെന്നോ, കൃഷ്ണനെന്നോ, യഹോവയെന്നോ, യേശുവെന്നോ, നബിയെന്നോ, അല്ലാഹുവെന്നോ, ഏതു പേരിട്ടു വിളിച്ചാലും ശരി അവിടുന്ന് കേൾക്കും. നിന്റെ മതം മോശം, എന്റെ മതമാണ് ശുദ്ധമായത്, എന്റെ മതത്തിൽ കൂടി പോയെങ്കിൽ മാത്രമെ സ്വർഗ്ഗത്തിലെത്തുവാൻ കഴിയൂ. ബാക്കിയെല്ലാം പാപമാണ് എന്നു പറയുന്ന പഴയരീതി മാറ്റാൻ സമയമായി. എല്ലാം ഒന്നാണ് എന്നുള്ള ആർഷഭാരത സംസ്കാരത്തിന്റേതായ ഒരു സന്ദേശമുണ്ട്. എല്ലാം ഒന്നാണ്. ഏതു പേരിട്ടു വിളിച്ചാലും സൂര്യൻ സൂര്യനാണ്. ഏതു ഭാഷയിലും നമുക്ക് സൂര്യനെ വിളിക്കാം. എല്ലാ നദികളും ഒഴുകിയൊഴുകി സമുദ്രത്തിലെത്തുന്നു. ഏതു മതവും ഏതു വിശ്വാസവും ഏതു ഭക്തിയുടെ, കർമ്മത്തിന്റെ, ജ്ഞാനത്തിന്റെ മാർഗ്ഗവും– എല്ലാം ഈശ്വരൻ എന്ന മഹാസമുദ്രത്തിലാണ് വിലയം പ്രാപിക്കുന്നത്. അതുകൊണ്ട് നീ വിളിക്കുന്നത് തെറ്റ്, ഞാൻ വിളിക്കുന്നത് ശരി എന്നൊക്കെ പറയുന്നത് മോശമാണ്, ബാലിശമാണ്, തീരെ കുട്ടിത്തമാണ്. ഞാൻ രാമരാമ എന്നാണ് വിളിക്കുന്നത്. അതു തെറ്റാണോ. യേശുനാഥാ എന്നു വിളിച്ചാലെ ശരിയാകുകയുള്ളോ. അല്ലാഹുവെന്നു വിളിച്ചാലെ ശരിയാകുകയുള്ളോ. ഇതെല്ലാം ഒരാളാണ്. ഈശ്വര അള്ളാ തേരേ നാം എന്നാണ് ഗാന്ധിജി പഠിപ്പിച്ചത്. വ്യത്യാസമില്ല, ഓർ മ്മിക്കൂ... ഇതെല്ലാം ഒരാളിന്റെ പേരാണ്. ഇന്നത്തെ ഈ വർഗ്ഗീയതയുടെ, മതത്തിന്റെ, ജാതിയുടെ ഇടയിൽ മതിൽക്കെട്ട് ഉയരുന്നത് കുട്ടികളറിയണം. നിങ്ങൾ ഏതു പേരിട്ടു വിളിച്ചാലും അവിടുന്നു കേൾക്കും.

പാവപ്പെട്ട ആദിവാസികളുണ്ട്. അവർ ഒരു കല്ലെടുത്ത് ഒരു മരത്തിന്റെ ചുവട്ടിൽ വച്ചിട്ട് മുത്തപ്പ എന്നു വിളിക്കും. അല്ലെങ്കിൽ ഒരു മരത്തെ നോക്കിയിട്ട് മുത്തിയമ്മെ എന്നു വിളിക്കും. മല ദൈവമേ എന്നു വിളിക്കും. കണ്ണുനീരോടെ, നിഷ്കളങ്കനായ ആദിവാസി വിളിക്കുന്ന വിളി ഈശ്വരൻ കേൾക്കുകതന്നെ ചെയ്യും. സംസ്കൃതത്തിൽ വേണോ, ലാറ്റിനിൽ വേണോ അറബിയിൽ വേണോ എന്നൊന്നും അവിടുത്തേക്ക് അറിഞ്ഞുകൂടാ. അതിന്റെ ആവശ്യവുമില്ല. ഏതു വിളിയും, ദുഃഖത്തിന്റെ, ഭക്തിയുടെ, സങ്കടത്തിന്റെ, വിഷമങ്ങളുടെ ദുരിതത്തിന്റെ വിളി അവിടുന്നു കേൾക്കും. അതു നിങ്ങൾ അറിയണം. കുട്ടികൾ അറിയണം.

ജാതികൊണ്ട് വൈരാഗ്യം കൂടുകയാണ്. വെറുപ്പ് വർദ്ധിക്കുകയാണ്. അക്രമം വർദ്ധിക്കുകയാണ്. മതത്തിന്റെയും ജാതിയുടെയും പാർട്ടിയുടെയും പേരിൽ അക്രമങ്ങളും വിദ്വേഷങ്ങളും വർദ്ധിക്കുകയാണ്. കുഞ്ഞുങ്ങളെങ്കിലും അത് മനസ്സിൽ കയറ്റി നടക്കരുത്. നിങ്ങളെ അങ്ങനെ പഠിപ്പിക്കുകയാണെങ്കിൽ അങ്ങനെയല്ല, ഗാന്ധിജി പഠിപ്പിച്ചിരിക്കുന്നതെന്ന് പറയണം. ലോകത്തിലെ ഗുരുക്കന്മാരാരും പഠിപ്പിച്ചിരിക്കുന്നത് അങ്ങനെയല്ല. സ്നേഹിക്കാനാണ് പഠിപ്പിച്ചത്. കാരുണ്യത്തോടെ പ്രവർത്തിക്കാനാണ് പഠിപ്പിച്ചത്. കൊല്ലാൻ പഠിപ്പിച്ചിട്ടില്ല. പുച്ഛിക്കാനും വെറുക്കാനും നിന്ദിക്കാനും പഠിപ്പിച്ചിട്ടില്ല. സഹായിക്കൂ. അങ്ങോട്ടുമിങ്ങോട്ടും കൈത്താങ്ങാകൂ. ഈ പാവപ്പെട്ട ഭൂമിയ്ക്ക് സമാധാനത്തോടെ ജീവിക്കാൻ കഴിയണമെങ്കിൽ ഭൂമിയുടെ മക്കൾ സമാധാനപ്രിയരാകണം.

നമ്മൾ കാണുന്നതൊന്നും നല്ലതല്ലല്ലോ, നമ്മൾ കേൾക്കുന്നതൊന്നും നല്ലതല്ലല്ലോ. പത്രമെടുത്തു നോക്കിയാൽ നമുക്ക് പരിഭ്രമമല്ലേ? പ്രത്യേകിച്ചും പെൺകുട്ടികൾക്ക് ഭയമല്ലേ തോന്നുക? ഒരുപാട് അക്രമങ്ങളുടേയും പീഡനങ്ങളുടെയും മദ്യപാനത്തിന്റെയും വാഹനാപകടത്തിന്റെയും കൊലപാതകത്തിന്റെയും കഥകൾ വായിക്കുന്നു. എന്തുകൊണ്ട് ഇതൊക്കെ സംഭവിക്കുന്നു? സ്നേഹം കുറഞ്ഞുവരുന്നു. കാരുണ്യം കുറഞ്ഞുവരുന്നു. എന്തു ചെയ്തും നമുക്ക് സുഖമായി ജീവിക്കണം. എനിക്കു കൂടുതൽ പണം ഉണ്ടാകണം. എനിക്കു കൂടുതൽ അധികാരം ഉണ്ടാകണം. ചെറുപ്പക്കാര് പറയുന്നത് രസമെന്നാണ്. എന്തിനാണ് ആ പെൺകുട്ടിയെ നശിപ്പിച്ചതെന്നു ചോദിച്ചാൽ അതൊരു രസത്തിനുവേണ്ടിയാണെന്നു പറയും. അവന്റെ രസത്തിനുവേണ്ടി ഒരു ജീവനാണ് പോയത്. എന്തിനാണ് ആ കുട്ടിയെ വല്ലവർക്കും വിറ്റത് എന്നു ചോദിച്ചാൽ കൂടുതൽ പണം കിട്ടുന്നതിനുവേണ്ടിയാണെന്നു പറയും. അവൾക്കെന്തു സംഭവിക്കുന്നു, അവളുടെ ജീവിതം തകരുകയാണ്. അതേപ്പറ്റി ചിന്തയില്ല.

പെൺകുട്ടികളാണെങ്കിൽ വിഡ്ഢിത്തം കാണിച്ചുകൊണ്ടേയിരിക്കുന്നു. എനിക്ക് രക്ഷാകർത്താക്കളോട് അപേക്ഷിക്കുവാനുള്ളത് കുറേ വലുതായിട്ടുമാത്രമെ മൊബൈൽ ഫോൺ വാങ്ങിക്കൊടുക്കാവൂ. അതുമൂലം അവർ നശിക്കുകയാണ്. വെറുതെ പറയുകയല്ല. അഭയയിൽ വരുന്ന ഒരുപാടുപേരെ കാണുന്നതുകൊണ്ടു പറയുകയാണ്. പത്തും പതിനാലും വയസ്സായ പെൺകുട്ടികളെയും കൊണ്ട് അച്ഛനമ്മമാർ മുന്നിൽ വന്നുനിന്ന് കരയാത്ത ഒരാഴ്ചപോലുമില്ല. സ്നേഹം, പ്രേമം, മിസ്ഡ് കോൾ എന്നൊക്കെ പറഞ്ഞ് ഇറങ്ങിപ്പോകുകയാണ്. ഒരു തിരിച്ചുവരവ് അസാധ്യമാകുന്നവിധത്തിൽ പെൺകുട്ടികൾ പോയി നശിക്കുകയാനണ്. സ്നേഹത്തിന്റെ പേരിലോ, പ്രേമത്തിന്റെ പേരിലോ, വിവാഹം കഴിക്കുന്നതിനുവേണ്ടിയോ അല്ല. വെറുതെ ഒരു രസത്തിനുവേണ്ടി. നശിച്ച്, നാണം കെട്ട്, ജീവിതം തുലഞ്ഞ് കണ്ണീരൊഴുക്കി നിൽക്കുന്നത് ഞങ്ങൾ നിരന്തരം കണ്ടുകൊണ്ടിരിക്കുകയാണ്.

പതിനാറു വയസ്സുകാരിയുടെ അച്ഛൻ ഈയടുത്തിടെ റെയിൽ പാളത്തിൽ ചാടി മരിച്ചു. മൂന്നു കഷണങ്ങളായി. മൈനറായ ആ കുട്ടി ഒരു ഗുണ്ടാസംഘത്തിനോടൊപ്പം ഇറങ്ങിപ്പോയതാണ് കാരണം. ആ കുഞ്ഞിനെ രക്ഷിച്ചെടുക്കുവാൻ ഞങ്ങൾ ഒരുപാടു ശ്രമിച്ചതാണ്. മാന്യമായ ഒരു കുടുംബത്തിലെ, പൂജ ഒക്കെ ചെയ്തു ജീവിക്കുന്ന ഒരച്ഛന്റെ മകൾ. സംഘമായിട്ടാണ് അവർ വരുന്നത്. അവൾ അവരോടൊപ്പം പോകുകയാണ്. അതിസുന്ദരിയായ ഒരു പെൺകുട്ടി. മൂന്നുമണിക്കൂർ പാട്ടുകച്ചേരി നടത്തുന്ന ഒരു പതിനാറു വയസ്സുകാരി. അരുതെന്നു പറഞ്ഞുനോക്കിയിട്ടും അവൾ ഇറങ്ങിപ്പോയി. പ്രേമത്തിന്റെ പേരിലാണ്. മണൽ വാരിയും ചാരായം വിറ്റും നടക്കുന്ന ഗുണ്ടാസംഘത്തിലെ ഒരു ചെറുപ്പക്കാരനോടൊപ്പമാണ് അവൾ പോയത്. ഇങ്ങനെ പറയുവാൻ തുടങ്ങിയാൽ എനിക്കു പറയുവാൻ ഒരു പാടു കഥകളുണ്ട്.

നിങ്ങൾ ഒന്നാലോചിക്കണം. നിങ്ങൾക്ക് അതിനുള്ള പ്രായമായിട്ടില്ല. പഠിക്കാനുള്ള സമയമാണിത്. മൊബൈലിന്റെയും പരസ്യങ്ങളുടെയും മായാലോകത്തിന്റെയും ഭ്രമാത്മകമായ സിനിമാ ലോകത്തിന്റെയും സീരിയലുകളുടെയും ലോകം– അതു സത്യമല്ല. സത്യത്തിൽതൊടുമ്പോഴാണ് കൈപൊള്ളുന്നത്. സൂക്ഷിക്കണം, ജാഗ്രത പാലിക്കണം, അവനവന്റെ ശരീരവും മനസ്സും ശുദ്ധമായിട്ട് സൂക്ഷിക്കണം. പതിമൂന്നു വയസ്സുകാർ മദ്യപിച്ചു തുടങ്ങിയ നാടാണിത്. മദ്യമില്ലാത്ത വീടുകൾ ഇല്ലാതായിട്ടുണ്ട്. തൊണ്ണൂറു ശതമാനം വീടുകളിലും മദ്യമെത്തിയിട്ടുണ്ട്. ➲9

# വി.പി. മേനോനും ഇന്ത്യയുടെ ഏകീകരണവും



55-ാം
ചരമ
വാർഷികം



**വി.പി.ജോയ് വാഴയിൽ**

**വാ**പാല പങ്കുണ്ണിമേനോൻ (വി.പി.മേനോൻ) സ്വാതന്ത്ര്യത്തിനുമുമ്പ് ഇന്ത്യയിലെ അ വസാനത്തെ മൂന്നു വൈ സ്രോയിമാരുടെ ഭരണഘടനാ ഉപദേഷ്ടാവായിരുന്നു. മൗണ്ട് ബാറ്റൻ പ്രഭുവിന്റെ അടുത്ത വൃത്തത്തിലുള്ള ഒരേയൊരു ഇന്ത്യക്കാരൻ വി.പി. മേനോൻ ആയിരുന്നു. ഇന്ത്യ യെ രണ്ടു ഡൊമിനിയനുകളായി വിഭജിച്ച് സ്വാതന്ത്ര്യം നൽകുവാനുള്ള മേനോന്റെ പ്ലാൻ അവസാനം അംഗീകരിക്കപ്പെടുകയാണുണ്ടായത്. സ്വാതന്ത്ര്യത്തിനുമുമ്പ് നാട്ടുരാജ്യങ്ങളെ ഭാരതത്തിൽ ചേർക്കേണ്ടതിന്റെ ആവശ്യകത നല്ലവണ്ണം മനസ്സിലാക്കിയ പട്ടേലും മേനോനും ചേർന്നാണ് ഭാരതത്തിന്റെ ഏകീകരണം സാധ്യമാക്കിയത്.

**അന്യാദൃശമായ ഒരു വ്യക്തിത്വമായിരുന്നു വി.പി. മേനോന് ഉണ്ടായിരുന്നത്. കേരളത്തിലെ ഗ്രാമീണ കുടുംബത്തിൽ പിറന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസം മാത്രം സിദ്ധിച്ച വി.പി.മേനോൻ ഇന്ത്യാ ഗവൺമെന്റിന്റെ അത്യുന്നത തലങ്ങളിലെത്തിച്ചേർന്നത് തികച്ചും വിസ്മയകരമായ കഥയാണ്. 1894 സെപ്റ്റംബർ 30ന് ഒറ്റപ്പാലത്തെ ഒരു കർഷകകുടുംബത്തിലാണ് വി.പി.മേനോന്റെ ജനനം. എട്ടാം ക്ലാസു കഴിഞ്ഞപ്പോൾ സ്വന്തം സാഹസികത കൊണ്ട് നാടുവിട്ട വി.പി.മേനോൻ കുറെക്കാലം മൈസൂർ രാജ്യത്തെ സ്വർണ്ണഖനികളിൽ തൊഴിലാളിയായി പണിയെടുത്തു. തുടർന്ന് അദ്ദേഹം ഒരു സ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി. അവിടെനിന്ന് മേനോൻ ഡൽഹിയിലെത്തി.**

മേനോൻ രചിച്ച ഇന്ത്യയിലെ അധികാരകൈമാറ്റം (The Transfer of Power in India), ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ ഏകീകരണം (Integration of the Indian States) എന്നീ രണ്ടു പുസ്തകങ്ങൾ ചരിത്രത്തിന്റെ മാസ്റ്റർ പീസുകളാണ്. അവ കൂടാതെ, മേനോൻ എഴുതിയ ഭാരതീയ ഭരണഘടനാചരിത്രത്തിന്റെ അവലോകനം (An Outline of Indian Constitutional History) എന്ന ലഘുകൃതിയിലാണ് ഭാരതത്തിന്റെ പിറവിയിൽ പ്രധാന പങ്കു വഹിച്ച നേതാക്കന്മാരെക്കുറിച്ചുള്ള തുറന്ന നിരീക്ഷണങ്ങൾ അദ്ദേഹം നടത്തിയിട്ടുള്ളത്. ഈ പുസ്തകത്തെപ്പറ്റി ഡോ. എം.വി പൈലി അഭിപ്രായമെഴുതിയിട്ടുള്ളത് ഇങ്ങനെയാണ്: 'ഭരണരംഗത്തെ നാടകത്തിലെ പ്രധാന ദൃശ്യങ്ങളിൽ വി.പി.മേനോൻ വെറുമൊരു കാഴ്ചക്കാരനോ, സാക്ഷിയോ ആയിരുന്നില്ല. അദ്ദേഹം ആ വിഷയങ്ങളിൽ താല്പര്യമുള്ള ഒരു പണ്ഡിതൻ മാത്രവുമായിരുന്നില്ല. അദ്ദേഹം അതിലെ ഒരു പ്രധാന നടനായിരുന്നു. കൂടുതൽ ശരിയായി പറഞ്ഞാൽ ഗ്രീൻ റൂമിൽ പ്രധാനപ്പെട്ട പണിയുണ്ടായിരുന്ന വ്യക്തി. സ്വാഭാവികമായും അദ്ദേഹത്തിന്റെ വിവരണം ആധികാരികവും അങ്ങേയറ്റം ആകർഷകവുമാണ്.'

അന്യാദൃശമായ ഒരു വ്യക്തിത്വമായിരുന്നു വി.പി. മേനോന് ഉണ്ടായിരുന്നത്. കേരളത്തിലെ ഗ്രാമീണ കുടുംബത്തിൽ പിറന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസം മാത്രം സിദ്ധിച്ച വി.പി.മേനോൻ ഇന്ത്യാ ഗവൺമെന്റിന്റെ അത്യുന്നത തലങ്ങളിലെത്തിച്ചേർന്നത് തികച്ചും വിസ്മയകരമായ കഥയാണ്. 1894 സെപ്റ്റംബർ 30ന് ഒറ്റപ്പാലത്തെ ഒരു കർഷകകുടുംബത്തിലാണ് വി.പി.മേനോന്റെ ജനനം. എട്ടാം ക്ലാസു കഴിഞ്ഞപ്പോൾ സ്വന്തം സാഹസികത കൊണ്ട് നാടുവിട്ട വി.പി.മേനോൻ കുറെക്കാലം മൈസൂർ രാജ്യത്തെ സ്വർണ്ണഖനികളിൽ തൊഴിലാളിയായി പണിയെടുത്തു. തുടർന്ന് അദ്ദേഹം ഒരു സ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി. അവിടെനിന്ന് മേനോൻ ഡൽഹിയിലെത്തി. അന്നു ഇന്ത്യാ ഗവൺമെന്റിന്റെ വേനൽക്കാലത്തെ ആസ്ഥാനം സിംലയാണ്. അവിടെയെത്തിയാൽ എന്തെങ്കിലും ചെറിയ ജോലി തരപ്പെട്ടേക്കുമെന്ന പ്രതീക്ഷയിൽ ഡൽഹി റയിൽവേ സ്റ്റേഷനിലെത്തിയ മേനോൻ തന്റെ കയ്യിൽ വഴിച്ചെലവിനുണ്ടായിരുന്ന പണമത്രയും മോഷ്ടിക്കപ്പെട്ടതറിഞ്ഞു നിരാശിതനായി. അവിടെ കണ്ടുമുട്ടിയ ഒരു വയോധികനായ സർദാർജിയോട് സിംലയിലെത്താൻ ആവശ്യമായ പതിനഞ്ചുരൂപ അദ്ദേഹം കടം ചോദിച്ചു. സർദ്ദാർജി പണം നൽകി. അപ്പോൾ, അതു തിരിച്ചുനൽകുന്നതിനുവേണ്ടി മേനോൻ അദ്ദേഹത്തിന്റെ മേൽവിലാസം ആവശ്യപ്പെട്ടു. എന്നാൽ ആ കടം തനിക്കല്ല, ജീവിതത്തിൽ വിഷമം അനുഭവിക്കുന്ന ഏതെങ്കിലും അപരിചിതനു നൽകിക്കൊണ്ടാണ് വീട്ടേണ്ടതെന്നു പറഞ്ഞാണ് സർദാർജി മേനോനെ യാത്രയാക്കിയത്. ജീവിതം മുഴുവൻ അതു പാലിച്ച മേനോൻ മരണക്കിടക്കയിലും ആ കടം മറന്നില്ല. അപ്പോൾ വീട്ടിലെത്തിയ ഒരു യാചകനു ചെരുപ്പു വാങ്ങാൻ പതിനഞ്ചു രൂപ നല്കിയതാണ് വി.പി.മേനോന്റെ ബോധപൂർവ്വമായ അവസാനപ്രവൃത്തി.

സിംലയിലെത്തിയ വി.പി.മേനോൻ ഇന്ത്യാ ഗവൺമെന്റിന്റെ റിഫോംസ് വകുപ്പിൽ ഒരു അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചു. അനന്യമായ മേധാശക്തികൊണ്ടും കഠിനപരിശ്രമം കൊണ്ടും അവിടെ നിന്ന് പടിപടിയായി ഉയർന്ന് അദ്ദേഹം റിഫോംസ് കമ്മീഷണർ തസ്തികയിലെത്തി. അങ്ങനെ അദ്ദേഹം ഇന്ത്യാ ഗവൺമെന്റ് സർവീസിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായി. ഇന്ത്യൻ ഭരണസംവിധാനത്തെ സംബന്ധിച്ചിടത്തോളം ഒരു സർവ്വവിജ്ഞാനകോശമായിരുന്നു അദ്ദേഹം. ലണ്ടനിൽ വച്ചുനടന്ന വട്ടമേശ സമ്മേളനങ്ങളിലെല്ലാം അദ്ദേഹം പങ്കെടുക്കുകയുണ്ടായി.

സ്വാതന്ത്ര്യത്തിനുശേഷം വിരമിക്കുവാൻ മേനോൻ തീരുമാനിച്ചെങ്കിലും സർദാർ പട്ടേലിന്റെ നിർബന്ധത്താൽ സ്റ്റേറ്റ് മന്ത്രാലയ സെക്രട്ടറിയായി വി.പി.മേനോൻ സ്ഥാനമേറ്റു. ഇന്ത്യയുടെ മൂന്നിൽ രണ്ടു ഭാഗത്തോളമുണ്ടായിരുന്ന 564 നട്ടുരാജ്യങ്ങളെ സ്വാതന്ത്ര്യത്തിനുശേഷം വെറും രണ്ടു വർഷങ്ങൾക്കുള്ളിൽ ഏകോപിപ്പിച്ച് ഇന്ത്യയെ മഹത്തായ രാഷ്ട്രമാക്കി മാറ്റിയത് സർദാർ പട്ടേ ലും വി.പി.മേനോനും ചേർന്ന് നടത്തിയ ഒരു അദ്ഭുത കർമം തന്നെയായിരുന്നു. പട്ടേലുമായുണ്ടായിരുന്ന ബന്ധം വി.പി.മേനോന്റെ വാക്കുകളിൽ: 'കാര്യങ്ങൾ എളുപ്പം നടത്തിയെടുക്കുന്നതിൽ സർദാറിന് അസാമാന്യമായ കഴിവുണ്ടായിരുന്നു. അങ്ങനെ രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥരും ഒറ്റ ടീമായി പ്രവർത്തിച്ചുതുടങ്ങി. നയം തീരുമാനിച്ചുകഴിഞ്ഞാൽ സർദാർ അതിന്റെ നിർവ്വഹണത്തിൽ അനാവശ്യമായി ഇടപെട്ടിരുന്നില്ല. അദ്ദേഹത്തെ നി ശ്ചിതലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള ഡ്രൈവറെപ്പോലെയായിരുന്നു ഞാൻ. അദ്ദേഹമാകട്ടെ, ബാക്സീറ്റ് ഡ്രൈ വിംഗ് നടത്താതെ, എന്നെ പൂർണ്ണമായി വിശ്വസിച്ചു. ഞാൻ അദ്ദേഹത്തെ രാവിലെയും വൈകുന്നേരവും വിവരങ്ങളറിയിച്ചിരുന്നു. പ്രധാന തീരുമാനങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ഉപദേശം തേടുകയും ചെയ്തിരുന്നു. മറ്റെല്ലാം അദ്ദേഹം എനിക്കു വിട്ടുതരികയും ചെയ്തു.'

564 നാട്ടുരാജ്യങ്ങളെ ഏകീകരിക്കുന്നത് തീരെ എളുപ്പമായിരുന്നില്ല. ഹൈദരബാദിലേക്ക് പട്ടാളത്തെത്തന്നെ അയയ്ക്കേണ്ടി വന്നു. നൈസാമിനെക്കൊണ്ട് സമ്മതിപ്പിക്കുവാൻ. അന്നത്തെ ഇന്ത്യൻ ആർമിയുടെ കമാൻഡർ-ഇൻ-ചീഫായിരുന്ന ബ്രിട്ടീഷുകാരൻ ബുഷർ ഈ സൈനിക നടപടിയുടെ വിവരം രഹസ്യമായി പാക്കിസ്ഥാൻ കമാൻഡർ ഇൻ ചീഫായിരുന്ന ബ്രിട്ടീഷുകാരനു ചോർത്തിക്കൊടുക്കുകയും പാകിസ്ഥാന്റെ നടപടി സ്വാഗതം ചെയ്യുകയും ചെയ്തു. എന്നാൽ വി.പി.മേനോൻ ഈ വിവരം ഫോൺ ടാപ്പിംഗിലൂടെ കണ്ടുപിടിച്ചു. ആ ടെലിഫോൺ സംഭാഷണത്തിന്റെ കോപ്പിയുമായി ബുഷറെ നേരിട്ട മേനോൻ മിനിറ്റുകൾക്കുള്ളിൽ അയാളുടെ രാജി എഴുതി വാങ്ങുകയും ജനറൽ കരിയപ്പ തൽസ്ഥാനത്ത് അവരോധിക്കപ്പെടുകയും ചെയ്തു. മേനോന്റെ സമയോചിതമായ ഈ ഇടപെടൽ മൂലമാണ് ആ സൈനിക നടപടി വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത്. ജോധ്പൂർ മഹാരാജാവ് പാക്കിസ്ഥാനിൽ ചേരുമെന്ന് ഭീഷണിപ്പെടുത്തി. മാത്രമല്ല, മേനോനെ വെടിവയ്ക്കുവാൻ തോക്കു ചൂണ്ടുക വരെ ചെയ്തു. വളരെ ധൈര്യവും മനഃസ്ഥൈര്യവും ഉണ്ടായിരുന്ന വി.പി.മേനോൻ പക്ഷേ, അത്തരം ഭീഷണികളിലൊന്നും പതറാതെ, പട്ടേൽ തന്നെ ഏല്പിച്ച ജോലി സ്തുത്യർഹമായ വിധത്തിൽ പൂർത്തിയാക്കുക തന്നെ ചെയ്തു.

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറലായിരുന്ന മൗണ്ട് ബാറ്റൻ പ്രഭു വി.പി.മേനോനെപ്പറ്റി പറഞ്ഞത് ഇങ്ങനെയാണ് 'എത്ര ഇന്ത്യക്കാർക്ക്, പ്രത്യേകിച്ച് പുതിയ തലമുറയിലുള്ളവർക്ക്, വി.പി.മേനോനോട് അവർക്കുള്ള കടപ്പാടിനെപ്പറ്റി ധാരണയുണ്ട് എന്ന് എനിക്കറിഞ്ഞുകൂടാ. എന്താണ് അദ്ദേഹത്തെ ഇത്രയും വലിയ മനുഷ്യനാക്കിയത്. ആദ്യത്തേത്, മൂപ്പതു രൂപ ശമ്പളമുള്ള ഒരു ക്ലാർക്കുപണിയിൽ നിന്ന് ഇന്ത്യാഗവൺമെന്റിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായി ഉയരുവാൻ അദ്ദേഹത്തെ സഹായിച്ച സ്വഭാവ വിശേഷങ്ങൾ. രണ്ടാമത്തേത് അദ്ദേഹത്തിന്റെ ധിഷണ- യുക്തിസഹമായ വിശകലനവും നിഗമനങ്ങളുമൊത്തിണങ്ങിയ ഒന്നാം കിട മസ്തിഷ്കശേഷിയോടൊപ്പം ഭാവി കൃത്യമായി നിരീക്ഷിക്കുവാൻ കഴിയുന്ന, കാണുന്ന കണ്ണ് എന്നു ഞാൻ വിശേഷിപ്പിക്കുന്ന അപൂർവ്വമായ കഴിവ്. മൂന്നാമത്തേത് അദ്ദേഹത്തിന്റെ കായികശേഷി; പല മണിക്കൂറുകൾ തുടർച്ചായി ജോലി ചെയ്യുവാനുള്ള ശാരീരികശേഷിയോടൊപ്പം ആഹ്ലാദപൂർണ്ണമായ മനോഭാവവും ആകർഷകമായ നർമരസികത്വവും.'

ഇന്ത്യക്കു സ്വാതന്ത്ര്യം നല്കുന്നതിനുള്ള പ്ലാൻ മേനോൻ തയ്യാറാക്കിയത് സിംലയിൽവെച്ചാണ്. നെഹ്റുവും മൗണ്ട്ബാറ്റനും അന്ന് അവിടെ ഉണ്ടായിരുന്നു. മേനോൻ തന്റെ പ്ലാൻ ആദ്യം പട്ടേലുമായി ചർച്ച ചെയ്തു. നെഹ്റുവിന്റെ ആവശ്യപ്രകാരം വെറും മൂന്നു മണിക്കൂറുകൾകൊണ്ടാണ് മേനോൻ അത് സ്വയം ടൈപ്പു ചെയ്തു നൽകിയത്.

നാട്ടുരാജ്യങ്ങളെയെല്ലാം സമാധാനപരമായി ഇന്ത്യൻ യൂണിയനോടു ചേർത്തതടക്കമുള്ള നേട്ടങ്ങൾക്ക് മേനോന് അർഹമായ അംഗീകാരം ലഭിച്ചതേയില്ല. സ്വാതന്ത്ര്യസമര സേനാനിയല്ലായിരുന്നുവെങ്കിലും അദ്ദേഹത്തിലൂടെയാണ് വിധി ജനാധിപത്യഭാരതത്തിന്റെ സ്വാതന്ത്ര്യം പ്രായോഗികമാക്കിത്തീർത്തത്.



# വിവേകാനന്ദസൂക്തം

**കൈവല്യാനന്ദ**

*സ്വാശ്രയശീലം ജനങ്ങളെ പഠിപ്പിക്കുന്നതുവരെയും ലോകത്തിലെ സമ്പത്തെല്ലാം കൊണ്ട് ഭാരതത്തിലെ ഒരു കൊച്ചു ഗ്രാമത്തെപ്പോലും സഹായിക്കാൻ കഴിയില്ല. സദാചാരപരവും ബൗദ്ധികവുമായ വിദ്യാഭ്യാസമാണ് പ്രധാനമായും നമ്മുടെ കർമ്മപരിപാടിയാവേണ്ടത്.*

**ഭാ**രതത്തിന്റെ പ്രശ്നങ്ങൾ എന്നും സ്വാമിജിയുടെ ഹൃദയത്തെ സ്പർശിച്ചിരുന്നു. ഒരു പ്രവാചകമനസ്സോടെയാണ് അദ്ദേഹം ഈ പ്രശ്നങ്ങളെ വിശകലനം ചെയ്തിരുന്നതും, പരിഹാരം നിർദ്ദേശിച്ചിരുന്നതും. നമ്മുടെ നാടിന്റെ സാമൂഹിക പുരോഗതിയിലേക്കുള്ള ഒരു ചൂണ്ടുപലകയാണ് മേലുദ്ധരിച്ച വരികൾ. ഈ വഴിയേ സഞ്ചരിക്കുകയും രാഷ്ട്രത്തെ വഴി നടത്തുകയും ചെയ്ത കർമ്മയോഗിയായിരുന്നു മഹാത്മാഗാന്ധി.

എന്തും ഏതും ആഗോള വിപണി നേടുന്ന കാലമാണിത്. ആഗോളവത്കരണം സമസ്തമണ്ഡലങ്ങളിലും സ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും, അതിന്റെ ഊന്നൽ വിശേഷിച്ചും സാമ്പത്തികമേഖലയിലാണെന്ന് വിഗണിച്ചുകൂടാ. ഈ ആഗോള കിടമത്സരത്തിൽ നേട്ടം കൊയ്യണമെങ്കിൽ, ദേശീയ സമ്പദ്‌വ്യവസ്ഥയുടെ സുസ്ഥിതിയാണ് അനിവാര്യം. ഈ സുസ്ഥിതിയാവട്ടെ ഇറക്കുമതി ചെയ്യാവുന്ന ഒന്നല്ലതാനും. ബഹുനില കെട്ടിടങ്ങളും, പഞ്ചനക്ഷത്ര ഹോട്ടലുകളും ശക്തമായ സാമ്പത്തിക സംവിധാനത്തിന്റെ ചിഹ്നങ്ങളാണെന്ന് കരുതാൻ കഴിയില്ല. രാഷ്ട്രത്തിന്റെ സാമ്പത്തിക സുസ്ഥിതി ജനതയുടെ സ്വാശ്രയശീലവുമായി ബന്ധപ്പെട്ടുകിടക്കുന്നു. സ്വാശ്രയശീലരായ ജനതയാണ് ഒരു രാഷ്ട്രത്തിന് സാമ്പത്തികമായി കെട്ടുറപ്പ് നൽകുന്നത്. വ്യക്തിയും, കുടുംബവും, ഗ്രാമവും രാഷ്ട്രവുമെല്ലാം സ്വയംപര്യാപ്തമാവണം. ഗാന്ധിജി ഗ്രാമസ്വരാജ് വിഭാവനം ചെയ്യുമ്പോൾ സ്വാമിജിയുടെ ആ ആശയം കർമ്മപഥത്തിലെത്തുന്നത് കാണാം. എന്നാൽ തികച്ചും സത്യസന്ധവും, യുക്തിസഹജവുമായ ഈ ആശയത്തിൽ പുരോഗമനം കാണുവാൻ പാശ്ചാത്യഭ്രമം കടന്നുകൂടിയ നമ്മുടെ ബുദ്ധിക്ക് ഇന്നും കഴിയുന്നില്ല.

ഇവിടെയാണ് 'സദാചാരപരവും ബൗദ്ധികവുമായ വിദ്യാഭ്യാസം' എന്ന രണ്ടാമത്തെ വരിയിലെ ആശയത്തിന്റെ പ്രസക്തി. തനിക്ക് ചേരുന്നതു മാത്രം ആചരിക്കുക എന്നതാണ് ഇവിടെ സദാചാരം എന്ന വാക്കുകൊണ്ട് അർത്ഥമാക്കേണ്ടത്. തന്റെയും, തന്റെ സമൂഹത്തിന്റെയും, തന്നെയും സമൂഹത്തെയും സംരക്ഷിക്കുന്ന പ്രകൃതിയുടെയും, സുസ്ഥിതി കണക്കിലെടുക്കാതെ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും ദുരാചാരമാണ്. ഇവിടെ സദാചാരമെന്ന വാക്കിന്റെ അർത്ഥമാനങ്ങൾ വിപുലമാവുന്നു. ഈ സദാചാരബോധം നഷ്ടമാകുന്നതെങ്ങനെ? ബുദ്ധിനാശത്തിൽ നിന്നുതന്നെ ബുദ്ധിനാശം സംഭവിച്ചവന് സദാചാരബോധം സഹജാവബോധത്തിൽ നിന്നുണ്ടാവുന്നില്ല. കൽപിക്കുന്നവർക്കു മുന്നിൽ കൈനീട്ടിനിന്ന് സദാചാരം പഠിക്കാനാണവന്റെ വിധി.

പരാശ്രയത്തിന് പലമാനങ്ങളുണ്ട്. അതിന്റെ ഹേതുവാകട്ടെ നമ്മുടെ ബുദ്ധിപരമായ അടിമത്വമാണ്. സകല അടിമത്വത്തിന്റെയും കാരണം ബുദ്ധിയുടെ അധഃപതനമാണ്. പടിഞ്ഞാറ് നിന്ന് ആശയങ്ങൾ കടമെടുത്ത് ചിന്തിക്കേണ്ടിവരുന്ന ഗതികേടിലാണ് ഇന്ത്യൻ ബുദ്ധിജീവിവർഗ്ഗം. നമ്മുടെ രാഷ്ട്രത്തിന് തനിമയാർന്ന ചിന്താപദ്ധതികളുണ്ടെന്ന സത്യം ഇന്നേതാണ്ട് വിസ്മൃതമായിട്ടുണ്ട്. എന്തിന് തനിക്ക് സ്വന്തമായൊരു ബുദ്ധിയുണ്ടെന്നുകൂടി നാമോരുത്തരും മറന്നുപോകുന്ന അവസ്ഥയാണ്. അധികാരത്തിന്റെയും അടിമത്വത്തിന്റെയും ആധുനിക വേഷങ്ങൾ തിരിച്ചറിയാനാവാത്ത തരത്തിൽ നമ്മുടെയെല്ലാം ബുദ്ധി അധഃപതിച്ചുപോയിരിക്കുന്നു.

ആത്മബുദ്ധിയാണ് നമ്മൾ ഭാരതീയർ വീണ്ടെടുക്കേണ്ടത്. അതിനുള്ള വിദ്യാഭ്യാസപദ്ധതിയാണ് അനിവാര്യമായിട്ടുള്ളത്. സദാചാരമാവണം അതിന്റെ അസ്ഥിവാരം. ഭാരതത്തിന്റെ അഭ്യുദയത്തിന് ഇതിലും ശാസ്ത്രീയമായ ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കപ്പെടാനില്ല.



# ആകാശത്തേക്കു മടങ്ങിയ ഗരുഡൻ

**അമ്പലപ്പുഴ ഗോപകുമാർ**

**മ**ടക്കമായ് മഹാ മനീഷിയാം മാഷും!
മനസ്സു മന്ത്രിപ്പൂ നമസ്കരിക്കുക.
സമസ്ത കേരളം വണങ്ങുമാ ജ്ഞാന-
തപസ്വിയെ വീണ്ടും നമസ്ക്കരിക്കുക.

നമുക്കാ സദ്ഗുരുവര പ്രസാദത്താൽ
സമൃദ്ധമായതു നിസ്സർഗ്ഗസാഹിതി
നമുക്കാ സന്മനസ്സമർപ്പണങ്ങളിൽ
സമുദ്ധൃതമായതനഘ സംസ്കൃതി

വരിഷ്ഠസൗഭഗം വഴിയുമാശബ്ദ-
ഗരിമയും വാക്കുമെഴുത്തും കർമ്മവും
തലമുറകൾക്കു വെളിച്ചമാകുമ്പോൾ
കുലപതിയെ നാം വണങ്ങിനിൽക്കുക.

അവനിവനെന്നൊരഭേദവേദാന്ത-
ക്കനിനുണഞ്ഞതാമധരങ്ങൾ ശാന്തം.
അലകടലുപോൽ തിളച്ചുതുള്ളിയൊ-
രനുഗൃഹീതനാവതിലേറെ ശാന്തം!
അതീതകാലത്തിനറപ്പുരകളിൽ
നിധിനിറച്ചൊരാവിലുകൾ ശാന്തം!
അനീതികൾക്കെതിർപൊരുതുയർത്തിയ
കതിരുപോലുള്ള കരങ്ങളും ശാന്തം
പരമശാന്തമാകൃശഗാത്രം, സ്മൃതി-
പടരുമ്പോഴെന്തേ നനയുന്നൂ മിഴി.

കറകലരാത്ത വിചിന്തനങ്ങൾ തൻ
കലാപഭൂമിയിലജാതശത്രുവായ്
അനുഗ്രഹം ചൊരിഞ്ഞുറക്കമായ്, നാടിൻ-
കനവുകൾക്കുയിർകൊടുത്ത കാവലാൾ...
അടർക്കളത്തിൽ വാഗ്ശരത്താൽ, നീതികേ-
ടരിഞ്ഞു വീഴ്ത്തുവാനണഞ്ഞ വാഗ്ഭടൻ
അനർഘമാമഹത് പ്രതിഭതൻ മഹ-
സ്സണയുകയില്ല നാടുയിർക്കുവോളവും
ഗുരോ! നമസ്ക്കാരം വിനയപൂർവ്വമാ-
ച്ചരണസുസ്മൃതി പുണരുമ്പോൾ, കാല-
നഭസ്സടക്കിയ ഗരുഡനായ്പ്പറ-
ന്നുയർന്നു കൈരളീ സുകൃതമായ് ജ്വലി-
ച്ചമരുമാരൂപം തെളിയുമ്പോൾ, ഒരു
ചിറകടിയൊച്ച, മധുരവാങ്മയം
നറുനിലാവൊരു പനീർസൗരഭം
ഇവിടെയെങ്ങനെയൊലിച്ചുനിൽക്കുന്നു.

## JANUARY

- 1 English New Year, Army Medical Corps Establishment Day, Global family day, World Peace Day
- 4 World Braille Day
- 6 World War Orphans Day
- 8 African National Congress Foundation Day
- 9 Pravasi Bharatiya Divas NRI Day
- 10 World LAugusthter Day, World Hindi Day
- 11 Death anniversary of Lal Bahadur Shastri
- 12 National Youth Day (Birth Day of Swami Vivekanand)
- 15 Army Day (Field Marshall K.M. Cariappa took over the command of Army on this day in 1949 from the British), Pongal, Makar Sankranti
- 23 Netaji Subhash Chandra bose birthday
- 24 National Girl Child day of India
- 25 International Customs Duty Day, India Tourism Day, National Voters Day
- 26 Republic Day of India and International Customs day
- 27 International Holocaust Day (The largest Nazi death camp, Auschwitz- Birkenau was liberated by Soviet troops on Jan 27 1945.), International Day of Commemoration
- 28 Birth Anniversary of Lala Lajpat Rai
- 28 Data protection day
- 30 Mahatma Gandhi's Martyrdom Day (Martyr's day) World Leprosy Eradication Day



# മനുഷ്യാവസ്ഥയുടെ സങ്കടങ്ങളായിത്തീരുന്നു സുഗതകുമാരിക്കവിതകൾ

■ പെരുമ്പടവം ശ്രീധരൻ



ക്കപ്പോഴും തിരുവനന്തപുരത്തുവച്ചുള്ള മീറ്റിംഗുകളിൽ ഞാൻ സുഗതകുമാരി ടീച്ചറിനെ വിളിക്കും. അപ്പോൾ വരും. പക്ഷേ, കോട്ടയത്തോ, തൃശൂരോ വച്ചാണ് മീറ്റിംഗ് എന്നു പറയുമ്പോൾ വളരെ സങ്കടത്തോടുകൂടി പറയും, എന്നെ കൊല്ലാൻ കൊണ്ടുപോകയാണോയെന്ന്. തിരക്കുകൾക്കിടയിൽ, അതിന്റെ ക്ലേശങ്ങൾ അനുഭവിക്കുന്നതിനിടയിൽ ദൂരയാത്രയ്ക്ക് സമയം കിട്ടാറില്ലാ എന്നതാണ് അതിനു പിന്നിലെ കാര്യമെന്ന് എനിക്കറിയാം. കൊല്ലാനല്ല, വളർത്താൻ തന്നെയാണ് കൊണ്ടുപോകുന്നത്. അതിലൂടെ ടീച്ചർ മാത്രമല്ല, ഒരു തലമുറയെ വളർത്തുക എന്ന ഉത്തരവാദിത്വം കൂടി ടീച്ചർക്കുള്ളതുകൊണ്ടാണെന്നു പറയും. അങ്ങനെ നടന്ന ഒരു കാലം എനിക്കോർമ്മയുണ്ട്. ഇനി അത്തരം സന്ദർഭങ്ങൾ ഉണ്ടാകുകയില്ല എന്നത് വലിയ നഷ്ടബോധത്തോടുകൂടിയാണ് ഓർമിക്കുന്നത്. വ്യക്തിപരമായ ബന്ധം പറയുവാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. അത് ദീർഘമായിപ്പോകും. അതു ശരിയുമല്ല.

പത്രക്കാർ എന്നോടു ചോദിച്ചപ്പോൾ ഞാനും അഭിപ്രായം പറഞ്ഞിരുന്നു. ടി.വിക്കാരും ചോദിച്ചിരുന്നു. ഞാൻ സംക്ഷിപ്തമായി പറയുകയും ചെയ്തിരുന്നു. സുഗതകുമാരിയുടെ കവിത അത് മറ്റു കവിതകൾപോലെയായിരുന്നില്ല. അത് അവരുടെ ആത്മനിഷ്ഠമായ അനുഭവങ്ങളുടെ ആത്മപ്രകാശനമായിരുന്നു. ഇത്ര ഭാവതീവ്രമായ ഒനുഭവമായിത്തീരും കവിത എന്നു നാം തിരിച്ചറിയുന്നത് സുഗതകുമാരിയുടെ കവിതകൾ വായിക്കുമ്പോഴാണ്. അവർ ജീവിച്ചിരുന്ന കാലഘട്ടത്തിൽ അവരായിരുന്നു മലയാളത്തിലെ ഏറ്റവും വലിയ കവിയെന്നു പറയാൻ തുനിയാത്തത് അക്കിത്തം അതിനു മുമ്പുള്ളതുകൊണ്ടാണ്. അക്കിത്തത്തെ ഒഴിച്ചുനിർത്തിയാൽ മലയാളത്തിൽ സുഗതകുമാരിക്കൊപ്പം തലയുയർത്തി നിൽക്കാൻ കഴിയുന്ന കവികൾ വേറെയില്ല എന്നുള്ള കാര്യം എന്നെ സംബന്ധിച്ചിടത്തോളം ഉറപ്പാണ്. ആ കവിതയുടെ സ്വഭാവം, അത് അവരുടെ ആത്മസംഘർഷങ്ങളെക്കുറിച്ചും ആത്മവ്യഥകളെക്കുറിച്ചുമുള്ളതാണെന്ന് തോന്നിപ്പിക്കുമെങ്കിലും അത് അങ്ങനെയല്ല. അത് മനുഷ്യാവസ്ഥയുടെ സങ്കടങ്ങളായിരുന്നു. അത് വല്ലാത്തൊരു അനുഭവമായിരുന്നു. അങ്ങനെ കവിതയെ ആക്കിത്തീർക്കുക എന്നു പറയുന്നത് ഒരു മഹാകവിക്ക് മാത്രം കഴിയുന്ന കാര്യമാണ്. കേകയിലോ കാകളിയിലോ മഞ്ജരിയിലോ കവിത എഴുതുകയായിരുന്നില്ല സുഗതകുമാരി. വൃത്തത്തിന്റെ അതിരുകൾ ഭേദിക്കുകയും, കവിത വൃത്തമല്ല, കവിത കവിത തന്നെയാണെന്ന് അറിയുകയും അത് ബോധ്യപ്പെടുത്തുകയും ചെയ്ത ഒരാളാണ്.

അധികം കവിതകളെ ഓർത്തു പറയുന്നില്ല. പാവം മാനവ ഹൃദയം എനിക്ക് ഓർത്തെടുക്കാൻ കഴിയുന്നു. എത്ര പാടിയാലും അതു തീരുകയില്ല.

ഒരു താരകയെക്കാണുമ്പോളതു
രാവു മറക്കും, പുതുമഴ കാൺകെ
വരൾച്ച മറക്കും, പാൽച്ചിരി കണ്ടതു
മൃതിയെ മറന്നു സുഖിച്ചേ പോകും.
പാവം മാനവഹൃദയം

എല്ലാ ക്ലേശങ്ങൾക്കിടയിലും വളരെ ലളിതമായ ഒരു സന്തോഷം കൊണ്ട് എല്ലാം ദുഃഖങ്ങളെയും മറക്കാൻ കഴിയുന്ന ഒനുഭവത്തെക്കുറിച്ച് പാവം മാനവഹൃദയത്തിൽ സുഗതകുമാരി എഴുതിയിട്ടുണ്ട്. സുഗതകുമാരിയുടെ ഏറ്റവും മനോഹരമായ കവിതകളിലൊന്നാണ് പാവം മാനവഹൃദയം. വ്യക്തിപരമായി ആ കവിതയെക്കുറിച്ച് ഓർമിക്കുന്നു.

1968ൽ അഭയം എന്ന നോവൽ സിനിമയാക്കാൻ രാമു കാര്യാട്ടും ശോഭനാപരമേശ്വരൻ നായരും കൂടി തീരുമാനിച്ചു. അവർ എന്നെ തൃശൂർക്ക് വിളിച്ചുകൊണ്ടുപോയി. ഞാൻ അവിടെ താമസിച്ചത് കാര്യാട്ടിന്റെ വീട്ടിലാണ്. അത് കൊട്ടാരംപോലെയുള്ള വീടാണ്. വൈകുന്നേരമാകുമ്പോൾ വയലാറും അടൂർഭാസിയും ശങ്കരാടിയും തുടങ്ങിയുള്ള സകല ആളുകളും അവിടെ കൂടും. വലിയ വിരുന്നാണ് അവിടെ നടക്കുന്നത്. അവിടെവച്ചാണ് ഞാൻ വയലാറിനെ കാണുന്നത്. ഞാനവിടെ ഒറ്റയ്ക്കിരിക്കുകയാണ്. വയലാറിനെ കാണുകയോ, എന്നെ കാണുകയോ ചെയ്യാത്ത ഒരവസ്ഥയിൽ കാര്യാട്ട് ചോദിച്ചു ഈ പയ്യനെ കുട്ടനറിഞ്ഞുകൂടേയെന്ന്. ഇല്ല അറിഞ്ഞുകൂടാ എന്നു മറുപടി. ഇതാണ് ഈ നോവലെഴുതിയ പെരുമ്പടവം ശ്രീധരൻ. വയലാർ എഴുന്നേറ്റു വന്ന് എന്റെ തോളത്ത് കൈയിട്ട് എന്റെ കൈയെടുത്ത് ഇത് അഭയം എഴുതിയ കൈയ്യല്ലേ എന്നു പറഞ്ഞുകൊണ്ട് എന്റെ കൈയ്യിൽ ചുംബിക്കുകയും ചെയ്ത ആ നിമിഷം എനിക്കോർമ്മയുണ്ട്. അതു പറയാനല്ല ഞാൻ ശ്രമിക്കുന്നത്. അന്നത്തെ രാത്രിയിൽ ഞാനും കാര്യാട്ടും കൂടിയിരുന്നു തീരുമാനിക്കുന്നു അഭയത്തിൽ സാധാരണ പാട്ടുകൾപോലെ ഏതെങ്കിലും കവിയെക്കൊണ്ട് പാട്ടുകൾ എഴുതിക്കുകയല്ല, ഗാനരചന നടത്തിക്കുകയല്ല ചെയ്യേണ്ടത്. മലയാളത്തിലെ ഏറ്റവും പ്രമുഖരായ കവികളുടെ കവിതകൾ ചേർക്കുകയാണ് ചെയ്തത്. വള്ളത്തോളിന്റെയും കുമാരനാശാന്റെയും ഒക്കെ തുടങ്ങിയുള്ള കവിതകൾ. സുഗതകുമാരിയുടെ കവിതയെക്കുറിച്ച് ഞാൻ കാര്യാട്ടിനോടു പറഞ്ഞു. എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് പാവം മാനവഹൃദയം എന്ന കവിത കാര്യാട്ട് കാണാപ്പാഠം ചൊല്ലുന്നു. കവിതയിൽ അത്രയധികം താല്പര്യമുണ്ടെന്ന് അപ്പോഴാണ് ഞാൻ അറിയുന്നത്. ആ കവിത അഭയത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

സുഗതകുമാരി ഒരു പാവം മാനവഹൃദയമായിരുന്നു എന്നതിൽ സംശയമൊന്നുമില്ല. എവിടെയെങ്ങാനും ഒരു ഇല കൊഴിയുമ്പോൾ, എവിടെയെങ്ങാനും ഒരു പൂവ് കൊഴിയുമ്പോൾ, എവിടെയെങ്ങാനും ഒരു മരത്തിൽ മഴു വീഴുമ്പോൾ, എവിടെയെങ്ങാനും ഒരനാഥക്കുട്ടി പീഡിപ്പിക്കപ്പെടുമ്പോൾ, അവരുടെ ഹൃദയം അവരോടൊപ്പം വേദനിക്കും. ഒരു കാടുപോലെ കത്തിത്തീരും എന്നതും നമുക്കറിയാം. ഇത്രയധികം മനുഷ്യനെ സ്നേഹിച്ച, സമൂഹത്തെ സ്നേഹിച്ച് ജീവിച്ച കാലത്തിന്റെ ഒരു കവി വേറെയുണ്ടെന്ന് എനിക്ക് തോന്നിയിട്ടില്ല. മറ്റു കവികളെ ഓർമയുണ്ട്. അവരുടെ പേരുകൾ ഇപ്പോൾ പറയുന്നില്ല.

കേരളകൗമുദിയിലെ പ്രസ്താവന വായിച്ചിട്ട് അതും രണ്ടു വാചകങ്ങൾ കൂടി കൂട്ടി എഴുതിത്തരുമോയെന്ന് ചോദിച്ചു. കഴിഞ്ഞദിവസം രാത്രിയിൽ ഞാൻ എഴുതിക്കൊടുത്ത രണ്ടു വാക്യങ്ങൾകൂടി പറഞ്ഞാൻ എനിക്കിപ്പോൾ നിങ്ങളോട് പറയാനുള്ളത് ഒക്കെയായിത്തീരും.

നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും അനുഗൃഹീതയായ കവയിത്രിയായിരുന്നു സുഗതകുമാരി. ബാലാമണിയമ്മക്കും മാധവിക്കുട്ടിക്കും ശേഷം മലയാളത്തിന്റെ ആത്മസൗന്ദര്യം എന്താണെന്ന് ലോകത്തിന് കാണിച്ചു കൊടുത്ത കവയിത്രി. അവരുടെ സാമൂഹികജീവിതം അനാഥർക്കുവേണ്ടി ഉഴിഞ്ഞുവച്ചതായിരുന്നു.

കാടുകൾക്കും മരങ്ങൾക്കും വേണ്ടി പടവെട്ടിയ ജീവിതം. പുഴകൾക്കും കുന്നുകൾക്കും വേണ്ടി പടവെട്ടിയ ജീവിതം. ജീവിതകാലം മുഴുവൻ വിശ്രമമില്ലാതെ രാപ്പകൽ അലഞ്ഞുതിരിഞ്ഞു നടന്നു. അവരുടെ ജീവിതം കർമനിരതമായിരുന്നു. എനിക്കവരുടെ പേര് ഒന്നു മാറ്റണമെന്നു തോന്നി. സുഗതകുമാരി എന്നാണ് അച്ഛനും അമ്മയുമിട്ട പേര്. അതുതന്നെയാണ് അവരുടെ യഥാർത്ഥപേര്. പക്ഷേ, എനിക്കിപ്പോൾ അവരെ സുകൃതകുമാരി എന്നു വിളിക്കാൻ തോന്നുന്നു. നല്ലതൊക്കെ ചെയ്തവരാണ്. സുകൃതകുമാരി എന്നു പറഞ്ഞാണ് ഒരു ലേഖനം ഞാൻ എഴുതിക്കൊടുത്തത്. ചെയ്യാവുന്ന സദ്കർമങ്ങളൊക്കെ ചെയ്ത് തന്റെ ജീവിതത്തെ അനുഗൃഹീതമാക്കിതീർത്ത, മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പിച്ച ഒരു ജീവിതം. അതുകൊണ്ടാണ് ഞാൻ അവരെ സുകൃതകുമാരി എന്നു വിളിക്കുന്നത്.

ശാരീരികമായ വേർപാട് സത്യമാണെങ്കിൽ പോലും അവർ നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞുപോകുന്നില്ല. അവരുടെ കവിതകളിൽ കൂടി അവർ ജീവിക്കുന്നു. നമ്മുടെ ഓർമകളിൽകൂടി അവർ നമ്മളിൽ ജീവിക്കുകയും ചെയ്യും. എന്നെ മീറ്റിംഗിനു വിളിക്കുമ്പോൾ എന്തെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞുമാറും. പിന്നീട് എവിടെയെങ്കിലും വച്ച് കാണുമ്പോൾ, വീട്ടിലിരുന്ന് സുഖിച്ച് നോവൽ എഴുതിക്കോ, കഷ്ടപ്പെടാൻ ഞങ്ങളൊക്കെ ഉണ്ടല്ലോ എന്നു പറഞ്ഞ് കളിയാക്കുമായിരുന്നു. അങ്ങനെ ഒരു സുകൃതകുമാരിയുടെ കാലത്ത് ജീവിക്കാൻ കഴിഞ്ഞു എന്നത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി കണക്കാക്കുന്നു.

(2020 ഡിസംബർ 31ന് മാവേലിക്കര ഗുരു നിത്യചൈതന്യയതി ലൈബ്രറി (തഴക്കരയിൽ)യിൽ നടത്തിയ അനുസ്മരണപ്രഭാഷണം)




week. Come, let us encourage such acts of care with a sense of service to others. In fact, this is a noble act that strengthens the sensitivity of the society.

My dear countrymen, the letter that is in front of me now bears two large photographs. These are photos of a temple and depict 'before' and 'after'. The letter which is with these photos talks about a team of youth which calls itself Yuva brigade. In fact, this Youth brigade has transformed an ancient Shiva temple named Veerbhadra Swami in Srirangapatna in Karnataka. All around in the temple there were widespread weeds and shrubs…so much that even travellers could not have recognized the existence of a temple there. One day, some tourists posted a video of this forgotten temple on social media. When the Yuva brigade saw this video on social media they could not bear it and this team decided to renovate it together. They removed the thorny bushes, grass and plants that had come up in the compound of the temple. They did repair and construction wherever required. Seeing their good deed, the local people too extended a helping hand. Some offered cement; others offered paint… people came up with many other such contributions. All these youths belong to different professions. Hence, they took out time during weekends and worked for the temple. They arranged for electricity connection too for the temple besides getting doors installed, thus restoring the old grandeur of the temple. Passion and firm commitment are two means through which people can achieve every goal. When I see the youth of India, I feel delighted and assured. Delighted and assured because the youth of my country have the 'Can Do' approach and the 'Will Do' spirit in them. No challenge is too big for them. Nothing is out of reach for them. I read about a teacher from Tamil Nadu. Her name is Hemalata N. K., and she teaches the oldest language of the world Tamil at a school in Villupuram. Even the Covid 19 pandemic could not create hurdles in her teaching work. Yes! Challenges definitely were there but she found out an innovative way.She recorded all the 53 chapters of the course, created animated videos, put them in a pen drive and distributed that amongst her students. Her students got a lot of help from this; they understood the chapters visually. Along with this, she kept interacting with her students telephonically. Thus, study became quite interesting for the students. All over the country during this corona time, the innovative methods that the teachers have adopted, the course material they have creatively prepared, those are invaluable in this period of online studies. I request all the teachers to definitely upload these course materials on the Diksha Portal of the Education Ministry. This will help students who are staying in far-flung areas of the country, a lot.

**Friends, let us now talk of Hiraman ji of Korwa tribe of Jharkhand. Hiraman ji lives in the Sinjo village of Garhwa district. You will be amazed to know that the population of Korwa tribe is merely 6,000, which lives in hills and forests far away from cities.Hiraman ji has taken up the task of preserving the culture and identity of his community. After an untiring toil of 12 years he has created a dictionary of the Korwa language which is getting extinct. In this dictionary, he has written with meanings many Korwa words right from words used in the household to words used in daily life. What Hiraman ji has done for the Korwa community is an example for the country.**

Friends, let us now talk of Hiraman ji of Korwa tribe of Jharkhand. Hiraman ji lives in the Sinjo village of Garhwa district. You will be amazed to know that the population of Korwa tribe is merely 6,000, which lives in hills and forests far away from cities.Hiraman ji has taken up the task of preserving the culture and identity of his community. After an untiring toil of 12 years he has created a dictionary of the Korwa language which is getting extinct. In this dictionary, he has written with meanings many Korwa words right from words used in the household to words used in daily life. What Hiraman ji has done for the Korwa community is an example for the country.

My dear countrymen, it is said that there was a prominent courtier in the court of Akbar named AbulFazl. After a visit to Kashmir, he once remarked that the place had one such scenic view that could uplift the mood of the most irritable and bad tempered people, making them rejoice. In fact, he was referring to the saffron fields in Kashmir. Saffron has been associated with Kashmir for centuries. Kashmiri saffron is mainly grown in places like Pulwama, Budgam and Kishtwar. In May this year, the Kashmiri Saffron was given the Geographical Indication Tag or GI tag. Through this, we want to make Kashmiri Saffron a Globally Popular Brand. Kashmiri saffron is globally famous as a spice that has many medicinal properties. It has a strong aroma, its color is deep dark and its threads are long and thick which enhances its medicinal value.

It represents the rich cultural heritage of Jammu and Kashmir. And if you're talking about the quality, the saffron of Kashmir is unique and completely different from the saffron of other countries. Saffron from Kashmir has now got a distinct identity with the GI Tag recognition. You will be delighted to know that after obtaining the GI Tag certificate, Kashmiri Saffron was launched in a supermarket in Dubai. Now its exports will get a boost. This will further strengthen our efforts to build an Atmanirbhar Bharat. Farmers growing saffron will be especially benefited by this. Now take a look at the case of Abdul MajeedWani, a resident of Shar area of Tral in Pulwama. He is selling his GI Tagged Saffron with the help of National Saffron Mission at the Trading Center in Pampore through E-Trading. Many people like him are involved in this activity in Kashmir. Next time you decide to buy saffron, think of buying saffron of Kashmir! Only The warmth of Kashmiri people is such that it imparts a unique, distinct flavor to the saffron.

My dear countrymen, just two days ago was Geeta Jayanti. The Gita inspires us in every context of our life. But have you ever thought why is Geeta such a wonderful Granth? That is because it is the voice of Lord Krishna himself. But the uniqueness of the Gita also lies in that it begins with the quest of knowledge… starts with a question. Arjuna asked the Lord a question, inquired and only then, the world received the wisdom of Gita. Like the Gita, all the wisdom in our culture starts with inquisitiveness. The very first mantra of Vedanta is - 'Athaato Brahm Jigyasa', that is, come, let us inquire about Brahm. That is why we talk about the inquest of even Brahma, the ultimate creator! Such is the power of inquisitiveness. Curiosityconstantly inspires you to learn something new. In childhood, we learn only because we are curious. That is, we are alive as long as there is curiosity in us.As long as there is curiosity, the process of learning something new continues. No age, no circumstance, matters at all in this. I came to know of an example of such energy of inquisitiveness, about Shri T. Srinivasacharya Swami ji, an elderly person from Tamil Nadu! Shri T Srinivasacharya Swami Ji is Ninety-Two years old. Even at this age, he is writing his book on the computer; that too, typing himself. You must be thinking that writing a book is fine…. but in the times of Srinivasacharyaji, there were no computers. So, when did he learn the computer? It is right that there was no computer during his college days. But, there still is as much curiosity in his mind and self-confidence as it was in his youth. In fact, Srinivasacharya Swamiji is a scholar of Sanskrit and Tamil. He has written about 16 spiritual books so far. However, with the advent of the computer, when he realized that the method of writing and printing books had changed, he learned the computer and necessary software at the age of 86… yes, at the age of eighty-six. Now he is completing his book.

Friends, Shri T Srinivasacharya Swamiji's life are a living example of the fact that life remains full of energy, as long as the curiosity in life, the desire to learn, does not die. Hence, we should never think that we lagged behind; we missed. "Only if…we too had learnt this!" We should not even think that we cannot learn, or cannot move forward.

My dear countrymen, we were just talking about learning and doing something new out of inquisitiveness. We were also referring to new resolutions in the New Year. But there are also some people who continuously keep on doing something new, keep on fulfilling new resolves. You too must have felt in life that when we do something for society, the society itself gives us the energy to do a lot of things. Significant deeds can be accomplished with seemingly simple motivations.One such youth is Shriman Pradeep Sangwan! Gurugram's PradeepSangwan has been running a campaign 'Healing Himalayas' since 2016. He goes to different areas in the Himalayas with his team and volunteers where they clean plastic waste dumped there by tourists. So far, Pradeep ji has cleaned tons of plastic from various tourist locations in the Himalayas. Similarly, there is a young couple from Karnataka, Anudeep and Minusha. Anudeep and Minusha got married just last month in November. A lot of young people go for a trip after marriage, but these two did something different. Both of them always saw that people go out on a trip, but, wherever they go, they leave a lot of garbage and waste behind. A similar situation was prevailing at the Someshwar beach in Karnataka. Anudeep and Minusha decided that they would clean up the garbage that people have left behind at the Someshwar beach. This was the first resolve that both husband and wife took after marriage. Together they cleaned up a lot of garbage from the beach. Anudeep also shared about his resolve on social media. Inspired by his magnanimous thought, a number of young people came and joined him. You will be surprised to know that together these people have cleaned more than 800 kg of waste from Someshwar beach.

Friends, amidst these efforts, we also have to think how this garbage gets on these beaches, these mountains in the first place. After all, it is one amongst us only, who leaves this garbage there. We should run a cleanliness drive like Pradeep and Anudeep-Minusha. But even before that we should also take a resolve that we will not leave garbage at all, to begin with. After all, this is also the first resolution of the Clean India campaign. And yes, I want to remind you of something more. Due to Corona, this year it could not be discussed much. We have to make our country free from single use plastic. This is also one of the resolutions of 2021. In conclusion, I extend my best wishes to you for the New Year. Stay healthy yourself, keep your family healthy too. Next year, in January, 'Mann Ki Baat' will touch upon new subjects. Many thanks.

# നീലംപേരൂർ മധുസൂദനൻ നായർ (1936–2021)



നീലംപേരൂരിന്റെ പടയണിപാരമ്പര്യം ക്യാവാങ്കണത്തിൽ പ്രതിഷ്ഠിച്ച നീലംപേരൂർ എം. മധുസൂദനൻനായർ 2021 ജനുവരി 2ന് നിര്യാതനായി. മുപ്പതോളം കൃതികളുടെ കർത്താവാണ്.

ചങ്ങനാശേരി എൻ.എസ്.എസ്. കോളജിൽ നിന്നും ഗണിതശാസ്ത്രത്തിൽ ബിരുദവും പാലക്കാട് ഗവ.വിക്ടോറിയ കോളജിൽ നിന്നും സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തരബിരുദവും നേടി. വ്യവസായവകുപ്പിൽ മാർക്കറ്റിംഗ് അനലിസ്റ്റ് ആയി ഔദ്യോഗിക ജീവിതത്തിനു തുടക്കം കുറിച്ചു. 1991ൽ ജോയിന്റ് ഡയറക്ടറായി വിരമിച്ചു. കേരളസാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗമായും, പുരോഗമന കലാസാഹിത്യ സംഘം തിരുവനന്തപുരം ജില്ലാ പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു.

മൗസലപർവ്വം, അഴിമുഖത്തു മുഴങ്ങുന്നത്, സൂര്യനിൽ നിന്നൊരാൾ, ചമത, പാഴ്ക്കിണർ, ചിത, ഇതിലേ വരിക ഉഷസ്സേ, ഈറ്റില്ലം, ഉറങ്ങുംമുൻപ്, അമരൻ, ഫലിതചിന്തകൾ, കിളിയും മൊഴിയും, അമ്പിളിപ്പൂക്കൾ തുടങ്ങി മുപ്പതോളം കൃതികൾ പ്രസിദ്ധീകരിച്ചു.

മൗസലപർവത്തിന് കേരള സാഹിത്യ അക്കാദമിയുടെ പ്രഥമ കനകശ്രീ പുരസ്കാരം 1991ലും, പാഴ്ക്കിണറിന് മൂലൂർ സ്മാരക പുരസ്കാരം (1998), കിളിയും മൊഴിക്കും സംസ്ഥാന ബാലസാഹിത്യ പുരസ്കാരം, ചമതയ്ക്ക് കേരളസാഹിത്യ അക്കാദമി പുരസ്കാരം (2000) എന്നിവ ലഭിച്ചു.

സ്നേഹപൂർവ്വം മീര എന്ന ചലച്ചിത്രത്തിന് ഗാനരചനയും നിർവ്വഹിച്ചു.

2021 ജനുവരി 2ന് തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കേ അന്തരിച്ചു. സംസ്കാരം 12ന് ശാന്തികവാടത്തിൽ നടന്നു.

ഭാര്യ: കെ.എൽ.രുക്മിണിദേവി. മക്കൾ: എം.ദീപുകുമാർ, എം.ഇന്ദുലേഖ. മരുമക്കൾ: സരിത.മനോജ് പരമേശ്വരൻ, എല്ലാവരും യു.എസിൽ ജോലി ചെയ്യുന്നു.



**ജി.ശങ്കരക്കുറുപ്പ്**

സ്നേഹത്തിൽനിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ
സ്നേഹത്തിൻ ഫലം സ്നേഹം,
ജ്ഞാനത്തിൻ ഫലം ജ്ഞാനം.



**വൈക്കം മുഹമ്മദ് ബഷീർ**

ദൈവം ഒരു വലിയ നോവലെഴുത്തുകാരനാണെന്നു വിചാരിക്കൂ. അപ്പോൾ ദൈവത്തിന്റെ പലേ നോവലുകളിൽ ഒന്നിലെ ഒരു ചെറിയ അധ്യായമാണ് മനുഷ്യൻ.

## ജനുവരി

### ജനനം








01– പി.ജെ.ആന്റണി (1925)
02– മന്നത്തു പദ്മനാഭൻ (1878)
– സി.അന്തപ്പായി (1862)
– കെ.എം.മാത്യു (1917)
– വി.ഭാസ്കരൻനായർ (1923)
– നീലംപേരൂർ മധുസൂദനൻ നായർ (2021)
03– സർദാർ കെ.എം.പണിക്കർ (1895)
– പുനല്ലൂർ ബാലൻ (1929)
– പുത്തേഴത്ത് ഭാസ്കരമേനോൻ (1930)
04– ലീലാ ദാമോദരമേനോൻ (1923)
– നന്തനാർ (1926)
06– എം.സി.ജോസഫ് (1887)
– പണ്ഡിറ്റ് രവിശങ്കർ (1920)
09– ഒ.ചന്തുമേനോൻ (1847)
– വി.കൃഷ്ണൻതമ്പി (1890)
– ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി (1923)
– പി.വി.കൃഷ്ണൻനായർ (1911)
– പുതുപ്പള്ളി രാഘവൻ (1910)
11– പാലാ കെഎം.മാത്യു (1927)
12– സ്വാമി വിവേകാനന്ദൻ (1863)
– അമ്പാടി ഇക്കാവമ്മ (1898)
– ഡോ.കെ.ഗോദവർമ്മ (1902)
– ഡി.സി.കിഴക്കേമുറി (1914)
13– സി.അച്യുതമേനോൻ (1913)
14– കെ.സി.പീറ്റർ (1922)
15– എം.വി.ദേവൻ (2014)
16– സി.ജി.ശാന്തകുമാർ (1938)
17– വി.കെ.മാധവൻകുട്ടി (1934)
18– എം.എച്.ശാസ്ത്രികൾ (1911)
19– കാത്തുള്ളി അച്യുതമേനോൻ (1851)
20– കെ.ബാലകൃഷ്ണക്കുറുപ്പ് (1927)
21– ബഷീർ (1910)
– സി.അച്യുതക്കുറുപ്പ് (1911)
22– മേരിജോൺ കൂത്താട്ടുകുളം
– ആർ.എം. മനയ്ക്കലാത്ത് (1921)
23– ജി.അരവിന്ദൻ (1935)
– പന്തളം കേരളവർമ്മ (1879)
25– ആർ. നാരായണപ്പണിക്കർ (1889)
– തോട്ടയ്ക്കാവ് ഇക്കാവമ്മ (1865)
26– ശൂരനാട് കുഞ്ഞൻപിള്ള (1911)
28– മുതുകുളം പാർവ്വതിയമ്മ (1904)
30– പുലാക്കാട്ട് രവീന്ദ്രൻ (1932)
– വി.ടി.നന്ദകുമാർ (1925)

### ചരമം









01– ജി.ശങ്കരപ്പിള്ള (1930–1989)
02– ഡോ.എസ്.കെ.നായർ (1917–1984)
03– എൻ.പി.മുഹമ്മദ് (1929–2003)
– ചാവറ കുര്യാക്കോസ് ഏലിയാസ് (1805–1870)
05– കലാമണ്ഡലം ഹൈദരാലി (1946–2006)
06– മുത്തിരിങ്ങോട്ട് ഭവത്രാൻ നമ്പൂതിരിപ്പാട് (1902–1944)
– എൻ.എൻ.കക്കാട് (1927–1987)
10– ഡോ.കെ.എം.പ്രഭാകര വാര്യർ (1933–2010)
11– മൊയ്തു പടിയത്ത് (1931–1989)
12– ഐ.കെ.കെ.മേനോൻ (1919– 2011)
13– വെൺമണി മഹൻ (1844–1893)
– ചിറയ്ക്കൽ ടി.ബാലകൃഷ്ണൻ നായർ (1907–1977)
14– മാണി മാധവചാക്യാർ (1899–1990)
– എം.ആർ.ബാലകൃഷ്ണവാരിയർ (1896–1960)
15– പി.എസ്.അനന്തനാരായണശാസ്ത്രി (1885–1947)
16– കുറ്റിപ്പുറത്ത് കേശവൻനായർ (1882–1959)
– പ്രേംനസീർ (1929–1989)
17– പണ്ഡിറ്റ് ഗോപാലൻനായർ (1868–1968)
– കുമാരനാശാൻ (1873–1924)
18– ആർട്ടിസ്റ്റ് പി.ജെ.ചെറിയാൻ (1891–1981)
– ടി.എ.രാജലക്ഷ്മി (1930–1965)
19– സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതർ (1901–1985)
20– കോഴിക്കോടൻ (2007)
22– കുഞ്ഞിക്കുട്ടൻ തമ്പുരാൻ (1864–1913)
23– ജി.വിവേകാനന്ദൻ (1923–1999)
– പി.പത്മരാജൻ (1945–1991)
24– ഭരണിക്കാവ് ശിവകുമാർ (2007)
– സുകുമാർ അഴീക്കോട് (1926–2012)
25– ഡോ.പല്പു (1863–1950)
– വി.കെ.എൻ (1932–2004)
26– ഡി.സി.കിഴക്കെമുറി (1914–1999)
– കോവുണ്ണി നെടുങ്ങാടി (1830–1889)
– ആർ.കെ.ലക്ഷ്മണൻ (1921–2015)
27– പ്രൊഫ.കാളിയത്ത് ദാമോദരൻ (1942–2000)
28– തിക്കോടിയൻ (1916–2001)
29– ഭരത് ഗോപി (2008)
30– മഹാത്മജി (1948)
– കൈനിക്കര പത്മനാഭപിള്ള
31– എൽ.വി.രാമസ്വാമി അയ്യർ (1895–1948)
– പി.വി.തമ്പി (1937–2006)

# ഞങ്ങൾ കവികൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു....



പിശാച് കേറാത്ത വീടില്ല എന്നു പറയുന്നതുപോലെയായിരിക്കുന്നു. അതിൽ സങ്കടപ്പെടുന്നത് സ്ത്രീകളാണ്, കുട്ടികളാണ്. നശിച്ചുകൊണ്ടിരിക്കുന്ന നൂറുകണക്കിന് വീടുകൾ കണ്ടുകൊണ്ടിരിക്കുന്നവരാണ് ഞങ്ങൾ. സ്കൂളിനു ചുറ്റും പുകവലിയെക്കാൾ ഭീകരമായ പാൻ പരാഗ് തുടങ്ങിയ സാധനം കിട്ടും. ഇതിലൊക്കെ മയക്കുമരുന്നുണ്ട്. ഗ്ലാസ് പൊടിച്ച് ചേർത്തിട്ടുണ്ട്. നേരെ രക്തത്തിലേക്ക് ചേരണം. അതിനുവേണ്ടിയാണത്. വായിൽ മുറിവുണ്ടാക്കി അത് രക്തത്തിൽ പെട്ടെന്ന് ചേരുന്നു. അതു കഴിച്ചാൽ നല്ല രസമാണെന്നു തോന്നും. കുറച്ചുനേരത്തേക്ക് ഒരു മയക്കമൊക്കെ കിട്ടും. ആൺകുട്ടികൾ കൂട്ടംകൂട്ടമായി അതിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. നിങ്ങൾ അതിൽ പെടുന്നില്ലെന്ന് ഞാൻ ആശിക്കുന്നു, പ്രാർത്ഥിക്കുന്നു. ഇത് കാൻസറിനു കാരണമാകുന്നു. അകം പഴുക്കുന്നു. ഒരു കുട്ടിയേയും കൊണ്ട് ഒരമ്മ കുറച്ചു ദിവസം മുമ്പ് വന്നു. വയസ്സ് പതിനാലോ മറ്റോ ഉള്ളു. ഒരുദിവസം പല്ല് തേച്ചുകൊണ്ടിരുന്നപ്പോൾ ബ്രഷ് മോണ കിഴിഞ്ഞ് പുറത്തുവന്നു. ആ ഭാഗം കാൻസറായി മാറി കഴിഞ്ഞിരുന്നു. ഇതൊക്കെ കുട്ടികൾ ഓർക്കണം. ഇതൊന്നും വേണ്ടാ എന്നു തീരുമാനിക്കണം. ഇതിൽ നിന്നും നിങ്ങൾക്ക് ഒന്നും കിട്ടില്ല. നിങ്ങളെ നശിപ്പിക്കുക മാത്രമെ

ചെയ്യുകയുള്ളു. അതുപോലെയാണ് മദ്യവും. ബിവർജസ് കോർപ്പറേഷന്റെ നീണ്ട ക്യൂവിൽ ശാന്തരായി നിന്നു വാങ്ങുന്ന മദ്യക്കുപ്പികൾ സ്കൂൾ ബാഗുകളിലാക്കി കുട്ടികൾക്ക് കൊടുക്കുന്നവരുണ്ട്. അപകടത്തിലേക്ക് കുട്ടികൾ വഴുതി വീണുകൊണ്ടിരിക്കുന്നു. തുടങ്ങിപ്പോയാൽ പിന്നീടത് നിർത്താൻ ഒക്കില്ല. ഇതൊക്കെയല്ലെ നിങ്ങളോട് പറയേണ്ടത്? കുഞ്ഞുങ്ങൾ നശിക്കുന്നു എന്നൊരു ആധിമാത്രമാണ് ഞങ്ങളുടെ മനസ്സിലുള്ളത്. അടുത്ത തലമുറ എന്തൊക്കെയോ ആയി മാറിക്കൊണ്ടിരിക്കുന്നു. വേരുകളില്ലാത്തവരായിക്കൊണ്ടിരിക്കുന്നു. ഈശ്വരഭയമില്ലാത്തവരായിക്കൊണ്ടിരിക്കുന്നു. അച്ഛനമ്മ മാരെ ശങ്കയില്ലാത്തവരായിക്കൊണ്ടിരിക്കുന്നു. എല്ലാ വീടുകളിലും ടെലിവിഷൻ വന്നതോടെ അതിന്റെ സ്വാധീനം കുറച്ചൊന്നുമല്ല. പണ്ടൊക്കെ നമ്മുടെ നാട്ടിൽ പറയുന്ന ഒരു വാക്കുണ്ടായിരുന്നു. വീട്ടിൽ കേറ്റാൻ കൊള്ളാത്തവൻ. അവൻ അക്രമിയാണ്, കള്ളുകുടിയനാണ്. ഇന്ന് എല്ലാ കൊള്ളരുതാത്തവരും നമ്മുടെ ഊണുമുറിയിലും കിടപ്പറയിലും വന്നിരിക്കുകയാണ്. നമ്മൾ അവരുടെ വിക്രിയകൾ കണ്ട് രസിക്കുകയാണ്. സിനിമയുടെ മറപിടിച്ച് നമ്മുടെ വീട്ടിനുള്ളിലേക്ക് അനാശാസ്യവും അക്രമവും കടന്നുകയറിയിരിക്കുന്നു. അതിനെ ചെറുക്കാൻ നമുക്ക് കഴിയുന്നില്ല.

**പെൺകുട്ടികളെപ്പറ്റി പറയുമ്പോൾ ഒരുപാടു സങ്കടമുണ്ട്. നട്ടെല്ലില്ലാത്തവരായി, ഭീരുക്കളായി, ധിക്കാരികളായി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാറ്റിനെയും പേടിയാണ്. ആഭാസന്മാരുടെ വാക്കുകൾക്കു മുന്നിൽ, സ്പർശനത്തിനു മുന്നിൽ നമ്മുടെ പെൺകുട്ടികൾ ചുരുണ്ടുകൂടി ഒളിക്കുകയാണ്. കടക്കൂ പുറത്ത് എന്നു പറയുവാൻ ധൈര്യം വരാറില്ല. മാറി നിൽക്കൂ എന്നു പറയുവാൻ ധൈര്യം വരാറില്ല. എന്തുചെയ്താലും സഹിക്കുന്നു. സഹിക്കേണ്ട എന്നാണ് എന്നെപ്പോലെയുള്ളവർക്കു പറയുവാനുള്ളത്. തിരിഞ്ഞു നിൽക്കുവാനുള്ള തന്റേടം ഉണ്ടാകേണ്ടിയിരിക്കുന്നു.**

പെൺകുട്ടികളെപ്പറ്റി പറയുമ്പോൾ ഒരുപാടു സങ്കടമുണ്ട്. നട്ടെല്ലില്ലാത്തവരായി, ഭീരുക്കളായി, ധിക്കാരികളായി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാറ്റിനെയും പേടിയാണ്. ആഭാസന്മാരുടെ വാക്കുകൾക്കു മുന്നിൽ, സ്പർശനത്തിനു മുന്നിൽ നമ്മുടെ പെൺകുട്ടികൾ ചുരുണ്ടുകൂടി ഒളിക്കുകയാണ്. കടക്കൂ പുറത്ത് എന്നു പറയുവാൻ ധൈര്യം വരാറില്ല. മാറി നിൽക്കു എന്നു പറയുവാൻ ധൈര്യം വരാറില്ല. എന്തുചെയ്താലും സഹിക്കുന്നു. സഹിക്കേണ്ട എന്നാണ് എന്നെപ്പോലെയുള്ളവർക്കു പറയുവാനുള്ളത്. തിരിഞ്ഞു നിൽക്കുവാനുള്ള തന്റേടം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഒരിക്കൽ ഞങ്ങൾ ഒരു ക്യാമ്പ് നടത്തിയപ്പോൾ പഞ്ചാബി പെൺ കുട്ടികളുടെ ഒരു സംഘം ഉണ്ടായിരുന്നു. ഇങ്ങനെ ഒരു സന്ദർഭത്തിൽ എന്തു ചെയ്യും എന്നു ചോദിച്ചപ്പോൾ, ഞങ്ങൾ മാറി മാറി നിൽക്കും എന്നു മലയാളികുട്ടികൾ പറഞ്ഞു. പഞ്ചാബി കുട്ടികളോട് ഞാൻ ചോദിച്ചു, ബസ്സിനകത്ത് നിങ്ങളോട് മോശമായി പറയുകയോ പെരുമാറുകയോ ചെയ്താൽ എന്തുചെയ്യും. അവർ അതിന് ധൈര്യപ്പെടില്ല, ഞങ്ങളുടെ കാലിൽ ചെരിപ്പുണ്ട് എന്നാണ് അവർ പറഞ്ഞ ഉത്തരം. ഈ ധൈര്യം ഒരു സമൂഹത്തിന്റെ സംസ്കാരമായി, ധൈര്യമായി അവർ വളർത്തിയെടുത്തു. ഒരുവകയ്ക്കും കൊള്ളാത്ത വർഗ്ഗമായി നമ്മുടെ പെൺകുട്ടികൾ മാറിക്കൊണ്ടിരിക്കുന്നു.

ഇന്ത്യ കണ്ടിട്ടുള്ള ഏറ്റവും വലിയ നേതാക്കന്മാരിലൊരാളാണ് സ്വാമി വിവേകാനന്ദൻ. മഹർഷിയെന്നും തപസ്വിയെന്നും ചിന്തകനെന്നും ഒന്നുംഞാൻ പറയുന്നില്ല. ചെറുപ്പക്കാരുടെ നേതാവായിരുന്നു അദ്ദേഹം. തന്റേടത്തോടെ വളരണമെന്ന് യുവാക്കളോടു പറഞ്ഞു. ഒരിക്കലും തലതാഴ്ത്തിപ്പിടിക്കരുതെന്ന് പ്രാർത്ഥിച്ചു. ആൺകുട്ടികളായാലും പെൺകുട്ടികളായാലും അടിമകളായി, ഭീരുക്കളായി, എല്ലാ അധർമ്മത്തിനും വഴങ്ങുന്നവരായി, എല്ലാം സഹിക്കുന്നവരായി മാറരുതെന്ന് അദ്ദേഹം പറഞ്ഞു. തെറ്റിനെ എതിർക്കുന്നവരായി യുവാക്കൾ മാറണമെന്ന് അദ്ദേഹം പറഞ്ഞു. തന്റേടമുള്ളവരായി, എന്നാൽ ഉള്ളിൽ കാരുണ്യമുള്ളവരായി വളർന്നുവരണം എന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. നമ്മുടെ ഋഷിപരമ്പര പറഞ്ഞുതന്ന കാര്യങ്ങളാണിതൊക്കെ. എല്ലാം ഒന്നാണെന്നു പറഞ്ഞു. എല്ലാ മതങ്ങളും ഒന്നാണെന്നു പറഞ്ഞു. ഒന്നിച്ചു സമാധാനത്തോടെ ജീവിക്കണമെന്നും, പരസ്പരം ബഹുമാനിക്കണമെന്നും പറഞ്ഞു. ഹിന്ദു ക്രിസ്ത്യാനികളെ ബഹുമാനിക്കണം. ക്രിസ്തുമതം ഹിന്ദുമതത്തെ ബഹുമാനിക്കണം. മുസ്ലീം മതം ഹിന്ദുമതത്തെയും ക്രിസ്തുമതത്തെയും ബഹുമാനിക്കണം. ബഹുമാനിക്കണമെങ്കിൽ അറിയണം. എന്താണ് ക്രിസ്തുമതം എന്നറിയാതെ ഒരു മുസ്ലീമിന് ക്രിസ്തുമതത്തെ ആദരിക്കാൻ പറ്റില്ല. ഒരു ഹിന്ദുവിന് പറ്റില്ല. ഗാന്ധിജി പറഞ്ഞത് ആദ്യം അറിയുക. പിന്നീട് ആദരിക്കുക എന്നാണ്. മതത്തെ സഹിക്കുവാനല്ല, ആദരിക്കുവാനാണ് പഠിക്കേണ്ടത്. ആദരിച്ചാൽ മാത്രമെ ഒന്നിച്ചു ജീവിക്കുവാൻ സാധിക്കുകയുള്ളു.

ഒരു അനുഭവം പറയാം. ഒരു മുസ്ലീം പെൺകുട്ടി. മലപ്പുറത്തുള്ള വീട്ടിൽ നിന്നും അടിച്ചിറക്കിയതാണ്. അവൾ ഒരു പ്രേമത്തിൽപ്പെട്ടു. ചതിക്കപ്പെട്ടു. ദേഹം മുഴുവൻ അടികൊണ്ട് ചതഞ്ഞ്, ഒരു കടലാസിൽ തെറ്റായ എന്റെ വിലാസം എഴുതി, നിരക്ഷരയായ ആ മുസ്ലിം പെൺ കുട്ടി തമ്പാനൂർ ബസ് സ്റ്റോപ്പിൽ രാത്രിയിൽ വന്നിറങ്ങി. പരമദരിദ്ര. പക്ഷെ അതിസുന്ദരി. ഏതോ ഓട്ടോറിക്ഷക്കാരൻ കാരുണ്യത്തോടെ അവളെ ഞങ്ങളെ ഏല്പിച്ചു. അടിയും ചവിട്ടും ഒക്കെ കൊണ്ട കുട്ടിയാണ്. ബ്ലീഡിംഗും ഉണ്ട്. ഏഴുമാസം ഗർഭിണിയാണ്. മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. അപ്പോഴാണ് അവിടെ നിന്നും പറയുന്നത് എ നെഗറ്റീവ് ബ്ലഡ് വേണം. കൂടുതൽ വേണം. കുട്ടി ഇപ്പോൾ മരിക്കും. ഞായറാഴ്ചയാണ്. എ നെഗറ്റീവ് ബ്ലഡ് കിട്ടാൻ ഏറ്റവും വിഷമമാണ്. ഒരുപാട് സ്ഥലങ്ങളിൽ ഓടിനടന്നു. ഒടുവിൽ ഒരാൾ പറഞ്ഞു ഓർത്തഡോക്സ് സ്റ്റുഡൻസ് സെന്ററിൽ ചെറിയാൻ ശെമ്മാശൻ എന്നൊരാളുണ്ട്. അദ്ദേഹത്തിന്റേത് എ നെഗറ്റീവ് ബ്ലഡാണ്. അർദ്ധരാത്രി ഒരുമണി. ഞാനും അഭയയിലെ ഒരാളുമായി അവിടെയെത്തി. വാതിലിൽ മുട്ടി. ഒരു ചെറുപ്പക്കാരൻ വാതിൽ തുറന്നു. ഒരു ഗതിയില്ലാത്ത മുസ്ലിം പെണ്ണ് ചാകാൻ കിടക്കുന്നു. ശെമ്മാശന്റെ ബ്ലഡ് തരുമോ. അദ്ദേഹം ബ്ലഡ് കൊടുത്തിട്ട് പത്തുദിവസമേ ആയിട്ടുള്ളു. ഡോക്ടർ എടുക്കുമെങ്കിൽ തരാം. ഞങ്ങൾ ആശുപത്രിയിലേക്ക് വിളിച്ചു. ആ ആളിനെ ഉടനെയെത്തിക്കുക, ഇല്ലായെങ്കിൽ ഈ പെൺകുട്ടി മരിക്കും. ഷീ ഈസ് സിങ്കിങ്.. സിങ്കിങ് എന്ന് ഫോൺ വന്നുകൊണ്ടിരിക്കുകയാണ്. അഭയയിലെ അംഗത്തിന്റെ ബൈക്കിന്റെ പുറകിലിരുത്തി ശെമ്മാശനെ ആശുപത്രിയിലെത്തിച്ച് ബ്ലഡ് കൊടുത്തു. പെൺകുട്ടിയുടെ സിസേറിയൻ നടന്നു. ഇരട്ട പെൺകുഞ്ഞുങ്ങൾ! രണ്ടു കുട്ടികളും മരിച്ചു. ആ ശെമ്മാശന്റെ രക്തം കൊണ്ടാണ് ആ സ്ത്രീ രക്ഷപ്പെട്ടത്. ഞാൻ എല്ലാവരോടും പറയുന്ന ഒരു സംഭവമാണിത്. ഒരു ക്രൈസ്തവ പുരോഹിതന്റെ രക്തം ഒരു മുസ്ലീം പെണ്ണിന് നന്നായി ചേർന്നു. രാത്രി മുഴുവൻ അവൾക്കുവേണ്ടി ഓടി നടന്നത് ഹിന്ദുക്കളായിരുന്നു. അവൾ രാവിലെ കണ്ണു തുറന്ന് നിലവിളിച്ചുകൊണ്ട് ഉമ്മാ എന്നു വിളിച്ചത് എന്നെയായിരുന്നു. എന്റെ മുഖത്തുനോക്കിയാണ് അവൾ ഉമ്മ എന്നു വിളിച്ചു കരഞ്ഞത്. ഇതാണ് ഇന്ത്യ. ഞങ്ങൾ സ്വപ്നം കാണുന്ന ഇന്ത്യ.

മുസ്ലിമാണോ, ഹിന്ദുവാണോ ക്രിസ്ത്യാനിയാണോ, നമ്മുടെ കണ്ണീരിന്റെ ഉപ്പ് ഒന്നാണ്. നമ്മുടെ രക്തത്തിന്റെ ചുവപ്പ് ഒന്നാണ്. നമ്മുടെ ദുഃഖമെല്ലാം ഒന്നാണ്. നമ്മുടെ സന്തോഷമെല്ലാം ഒന്നാണ്. നമ്മുടെ ജനനവും മരണവും ഒരുപോലെയാണ്. ഇതിനൊന്നും വ്യത്യാസമില്ല. അത് നാം മനസ്സിലാണം. മതാതീതമായി ചിന്തിക്കാൻ, മതത്തോട് ഭക്തിയുണ്ടായിരിക്കുന്നതിനോടൊപ്പം തന്നെ മതത്തിന് അതീതമായി സ്നേഹിക്കാനും ചിന്തിക്കാനും മറ്റു മതങ്ങളെപ്പറ്റി പഠിക്കാനും സാധിക്കണം. ആ ജാതിയാണോ, ഈ ജാതിയാണോ. ഈ ചോദ്യമൊന്നു നിർത്തൂ. ആ ചോദ്യം മുതിർന്നവരിലൂടെ തീരട്ടെ. ആ ആനുകൂല്യം ഈ അനൂകൂല്യം എന്നൊക്കെ പറഞ്ഞ് തട്ടിപ്പറിച്ചും വഴക്കുണ്ടാക്കിയും നടക്കുന്നത് ഞങ്ങളാണ്. എന്നാൽ, പുതിയ തലമുറകൾ ചെയ്യേണ്ടത് സ്നേഹിക്കാനും സ്നേഹത്തോടെ കാരുണ്യത്തോടെ പരസ്പരം ആശ്വാസമായിട്ട് ഏതു വിഷമത്തിലും കൈനീട്ടിക്കൊടുക്കത്തക്ക വിധത്തിലുള്ള സുഹൃത്തുക്കളായിട്ട് വളർന്നുവരണം. സ്വാമി വിവേകാനന്ദൻ ആവശ്യപ്പെട്ടത് 'നിർഭയരാകുക, തല ഉയർത്തിപ്പിടിക്കുക. നിങ്ങളുടെ രക്തം തിളച്ചുകൊണ്ടിരിക്കണം. തണുത്ത രക്തം ഇവിടെ വേണ്ട. ചൂടുള്ള രക്തമായിരിക്കണം. ധീരമായ മനസ്സായിരിക്കണം. ആ മനസ്സു നിറയെ സ്നേഹമുണ്ടായിരിക്കണം. ധൈര്യമുണ്ടായിരിക്കണം. പരസ്പരം സ്നേഹിക്കാനും സഹായിക്കാനും സാധിക്കണം.' ഇതൊക്കെയാണ് ഗുരുപരമ്പര നമ്മെ പഠിപ്പിച്ചിരിക്കുന്നത്.

മദ്യത്തെപ്പറ്റി പറഞ്ഞു, മയക്കുമരുന്നിനെക്കുറിച്ച് പറഞ്ഞു, പെൺകുട്ടികൾ വഴിതെറ്റുന്നതിനെപ്പറ്റി പറഞ്ഞു. പെൺകുട്ടികൾക്ക് കൂടുതൽ ധൈര്യമുണ്ടാകണമെന്നു പറഞ്ഞു. ഇനി എന്താണ് പറയേണ്ടത്. വിനയത്തോടെ പെരുമാറാൻ പഠിക്കണം. ഒപ്പം അഭിമാനമുണ്ടായിരിക്കണം. ആൺകുട്ടികൾക്ക് ആൺകുട്ടികളെന്നുള്ള അഭിമാനമുണ്ട്. പെൺകുട്ടികൾക്കും ➲10

# ഞങ്ങൾ കവികൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു....



അതുണ്ടാകണം. പെണ്ണ് ഒരിക്കലും രണ്ടാം തരക്കാരിയല്ല. ആരും ചവിട്ടിത്തേക്കേണ്ടവളല്ല. സഹയാത്രികയാണ്. കൂടെ നടക്കേണ്ടവളാണ്. മുമ്പിൽ നടക്കാൻ ഞാൻ പറയില്ല. ഒപ്പം നടക്കേണ്ടവളാണ്. ആ ഒരു വിചാരത്തോടെ ധൈര്യത്തോടെ സാരിയുടെയും സ്വർണ്ണാഭരണങ്ങളുടെയും ഭ്രമത്തിൽ സിനിമാക്കാരുടെ പ്രേമകഥകളും വിഡ്ഢിത്തങ്ങളും ഒക്കെ കണ്ട് വാപൊളിച്ച് സീരിയലുകൾ മാത്രം നോക്കി തുടർകഥകളും വായിച്ച് നുണയും പറഞ്ഞ് ഒന്നും വായിക്കാതെ, ഒന്നും മനസ്സിലാക്കാതെ മനസ്സ് ചുരുങ്ങി ചുരുങ്ങി തലകുനിച്ച് പേടിച്ച് നാണിച്ച് ജീവിക്കുന്ന ഒരു വർഗ്ഗമാകരുത് പെൺകുട്ടികൾ. തന്റേടമുണ്ടാകട്ടെ, ധൈര്യമുണ്ടാകട്ടെ. ഇതിനൊക്കെയപ്പുറം ആണിനും പെണ്ണിനും അഭിമാനമുണ്ടാകട്ടെ. അഭിമാനമുണ്ടെങ്കിൽ മദ്യത്തിനു പുറകെ പോകില്ല. അഭിമാനമുണ്ടെങ്കിൽ മതത്തിന്റെയും ജാതിയുടെയും പേരിൽ വഴക്കടിക്കില്ല. അഭിമാനമുണ്ടെങ്കിൽ നിങ്ങൾക്ക് വഴിതെറ്റുകയില്ല. നമ്മുടെ ഗുരുക്കന്മാർ, ആചാര്യന്മാർ പറഞ്ഞത് ഇതൊക്കെയാണ്.

അഭയയിലെ കുട്ടികളെപ്പറ്റി പറയാം. നൂറ്റിയിരുപത് പെൺകുട്ടികളുണ്ട്. രണ്ടുമൂന്നു സ്ഥാപനത്തിലായിട്ടാണുള്ളത്. എല്ലാപ്രശ്നങ്ങളിലും പെട്ട കുട്ടികൾ ആക്കൂട്ടത്തിലുണ്ട്. അച്ഛനമ്മമാർ ഇല്ലാത്തവർ. പോലീസുകാർ കൊണ്ടുവരുന്നവർ. ഭ്രാന്താശുപത്രിയിൽ കിടക്കുന്നവരുടെയും ജയിലിൽ കിടക്കുന്നവരുടെയും മക്കൾ, ഒരുപാടു പീഡിപ്പിക്കപ്പെട്ട കുട്ടികളുണ്ട്. അച്ഛന്റെ മദ്യപാനത്താൽ തകർന്ന വീടുകളിൽ നിന്നും വരുന്ന കുട്ടികളുണ്ട്.

**തിരുവല്ലക്കാരി അന്നാമ്മ തലയ്ക്കുഭ്രാന്തായി നിലവിളിച്ചുകൊണ്ടുവരുമ്പോൾ ഗുരുവായൂരപ്പന്റെ പടത്തിനുമുന്നിൽ നിന്നു പ്രാർത്ഥിക്കാൻ പറയാൻ പറ്റില്ല. അന്നാമ്മയ്ക്ക് പ്രാർത്ഥിക്കാൻ അവിടെ കുരിശുവേണം. എനിക്ക് ശുദ്ധ ഹിന്ദുവിന്റെയും സത്യക്രിസ്ത്യാനിയുടെയും സത്യമുസ്ലിമിന്റേയും ഒന്നും പൈസ വേണ്ട. മനുഷ്യരിവിടെയുണ്ടെങ്കിൽ, കാരുണ്യമുള്ളവർ ഉണ്ടെങ്കിൽ, നല്ലമനസ്സുണ്ടെങ്കിൽ തന്നാൽ മതിയെന്നു പറഞ്ഞ് ഞാൻ അമേരിക്കയിൽ നിന്നും മടങ്ങി. ഇത് എന്റെ അനുഭവം. മലപ്പുറത്തുനിന്നും വന്ന പെൺകുട്ടിയുടെ അനുഭവം ഞാൻ പറഞ്ഞു. അവിടെ ഏത് ക്രിസ്ത്യാനി, ഏതു ഹിന്ദു, ഏതു മുസ്ലിം, ഇന്ത്യയിൽ നമുക്ക് ഒന്നിച്ചു ജീവിക്കാൻ പഠിക്കാം.**

ആന്ധ്രയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും കൊച്ചിനഗരത്തിൽ കൊണ്ടുവിറ്റഴിച്ച ഇരുപത്തിമൂന്ന് പെൺകുട്ടികൾ ഞങ്ങളുടെ സ്ഥാപനത്തിലുണ്ട്. കൊച്ചിനഗരത്തിൽ ആന്ധ്രക്കാർക്കും തമിഴ്നാട്ടുകാർക്കുമൊക്കെ ഒരു കമ്പോളമുണ്ട്. അവിടെ ഏജന്റുമാരുണ്ട്. പെൺകുട്ടികളെ വാങ്ങിക്കാനും വില്ക്കാനും ഉണ്ടാവും. പെൺകുട്ടികൾക്കാണെങ്കിൽ നല്ല ഡിമാന്റാണ്. അഞ്ചു വയസ്സുമുതലുള്ള ഇരുപത്തിമൂന്നു കുട്ടികളെ പോലീസ് ഞങ്ങളെ ഏല്പിച്ചു. ഒരുകാര്യം നിങ്ങൾ ഓർക്കണം. ആന്ധ്രയിലും കർണ്ണാടകത്തിലും പെൺകുട്ടികൾക്ക് വിലയില്ലായിരിക്കാം. ആന്ധ്രക്കാരെയും തമിഴുനാട്ടുകാരെയും നമ്മൾ കുറ്റം പറയണ്ട. അവരുടെ അറിവില്ലായ്മകൊണ്ടോ ദാരിദ്ര്യം കൊണ്ടോ അങ്ങനെ ചെയ്തേക്കാം. പക്ഷെ വിലയ്ക്കു വാങ്ങിക്കുന്നത് മലയാളിയാണെന്ന് ഓർമ്മിക്കുക. അങ്ങനെയൊക്കെയുള്ള പെൺകുട്ടികൾ അഭയയിലുണ്ട്. മാനസിക രോഗികളുണ്ട്. ഗതിയില്ലാത്ത സ്ത്രീകളുണ്ട്. മദ്യപാനത്തിന്റെയും മയക്കുമരുന്നിന്റെയും ചികിത്സയ്ക്കു വരുന്നവരുണ്ട്. ഇവരെല്ലാം ചേരുന്ന ഒരു ബൃഹത്തായ ലോകമാണ് അഭയയുടേത്. അവിടെ ജാതിയും മതവും ഒന്നും പറ്റില്ലല്ലോ. ദുരിതത്തിന് ജാതിയും മതവുമില്ല. ദുഃഖത്തിനും ഭ്രാന്തിനും മദ്യത്തിനും ഒന്നും ജാതിയില്ല. ദുഃഖിക്കുന്ന കുട്ടികൾ, അനാഥർ. ഈശ്വരൻപോലും ഇല്ലാത്തവർ. നരകത്തിൽനിന്നും കയറിവന്നവർ, അവർക്ക് ഒരു കൈത്താങ്ങ് കൊടുക്കുമ്പോൾ നിന്റെ ജാതി ഏത്, മതം ഏത് എന്നു ചോദിക്കാൻ ഒക്കില്ല.

ഞങ്ങളുടെ പ്രാർത്ഥനാമുറിയിൽ മൂന്നു മതങ്ങളുടെ ചിഹ്നങ്ങളുണ്ട്. അഭയയുടെ പ്രാർത്ഥനാമുറിയിൽ നിന്നും കുരിശ് മാറ്റണമെന്ന് അമേരിക്കയിലെ വിശ്വഹിന്ദുപരിഷത്ത് എന്നോട് ആവശ്യപ്പെട്ടു. യുണൈറ്റഡ് ക്രിസ്ത്യൻ ചർച്ച് ഇൻ അമേരിക്ക എന്ന സംഘടനയുടെ ഭാരവാഹികൾ പറഞ്ഞത് അഭയ ഹിന്ദുക്കളുടെ സംഘടനയെന്നാണ്. അവിടുത്തെ വിശ്വ ഹിന്ദു പരിഷത്തിന്റെ ആളുകൾ പറഞ്ഞു നിങ്ങളുടെ പ്രാർത്ഥനാമുറിയിൽ കുരിശില്ലെ. പിന്നെ നിങ്ങളെ ഞങ്ങൾ എങ്ങനെ സഹായിക്കും. ഞാൻ പറഞ്ഞു, തിരുവല്ലക്കാരി അന്നാമ്മ തലയ്ക്കുഭ്രാന്തായി നിലവിളിച്ചുകൊണ്ടുവരുമ്പോൾ ഗുരുവായൂരപ്പന്റെ പടത്തിനുമുന്നിൽ നിന്നു പ്രാർത്ഥിക്കാൻ പറയാൻ പറ്റില്ല. അന്നാമ്മയ്ക്ക് പ്രാർത്ഥിക്കാൻ അവിടെ കുരിശുവേണം. എനിക്ക് ശുദ്ധ ഹിന്ദുവിന്റെയും സത്യക്രിസ്ത്യാനിയുടെയും സത്യമുസ്ലിമിന്റേയും ഒന്നും പൈസ വേണ്ട. മനുഷ്യരിവിടെയുണ്ടെങ്കിൽ, കാരുണ്യമുള്ളവർ ഉണ്ടെങ്കിൽ, നല്ലമനസ്സുണ്ടെങ്കിൽ തന്നാൽ മതിയെന്നു പറഞ്ഞ് ഞാൻ അമേരിക്കയിൽ നിന്നും മടങ്ങി. ഇത് എന്റെ അനുഭവം. മലപ്പുറത്തുനിന്നും വന്ന പെൺകുട്ടിയുടെ അനുഭവം ഞാൻ പറഞ്ഞു. അവിടെ ഏത് ക്രിസ്ത്യാനി, ഏതു ഹിന്ദു, ഏതു മുസ്ലിം, ഇന്ത്യയിൽ നമുക്ക് ഒന്നിച്ചു ജീവിക്കാൻ പഠിക്കാം.

ഗുരു നിത്യചൈതന്യയതി എന്നെക്കാൾ വളരെ സീനിയറായിരുന്നു. എന്റെ ഭർത്താവിന്റെ ക്ലാസ്മേറ്റായിരുന്നു. ഞാൻ യൂണിവേഴ്സിറ്റി കോളജിൽ ചേരുമ്പോൾ എനിക്ക് വയസ് പതിനേഴ്. നിത്യചൈതന്യയതി അന്നേ കാവിവസ്ത്രധാരിയാണ്. കാവി ബനിയനും കാവി മുണ്ടും ഉടുത്ത് സീനിയർ എം.എ ക്ലാസിൽ പഠിക്കുന്നകാലം. താടിയൊക്കെ വളർത്തിയിട്ടുണ്ട്. ഞങ്ങളൊക്കെ വളരെ ഉന്നതമായ ഒരു പദവിയിലുള്ള ആളെന്ന രീതിയിൽ നോക്കിക്കാണുന്ന ബഹുമാന്യനായ ഒരു സന്യാസി. എന്റെ അച്ഛന് അദ്ദേഹത്തെ പരിചയമുണ്ട്. ഒരു നേരമ്പോക്കാണ് ആദ്യം പറയാൻ പോകുന്നത്. വലിയ കാര്യം പിന്നീട് പറയാം. സ്വാമിയുടെ പേര് ജയചന്ദ്രൻ എന്നാണ്. മകൾക്ക് എന്തെങ്കിലും ആവശ്യമുണ്ടോയെന്ന് ശ്രദ്ധിച്ചുകൊള്ളണം എന്ന് എന്റെ അച്ഛൻ അദ്ദേഹത്തോടു പറഞ്ഞു. എന്റെ അച്ഛനോട് വലിയ ബഹുമാനമുള്ള ആളാണ് സ്വാമി. ഞങ്ങൾ പെൺകുട്ടികളാണ് ക്ലാസിൽ കൂടുതലും. ഒരു ദിവസം ഫസ്റ്റ്ഇയർ ഓണേഴ്സ് ക്ലാസിന്റെ വാതിൽക്കൽ അദ്ദേഹം വന്നു. ആരാണ് സുഗത എന്നു ചോദിച്ചു. ഞാൻ പേടിച്ച് വിറച്ച് എഴുന്നേറ്റുനിന്നു.

'എന്താ, വിശേഷം ഒന്നുമില്ലല്ലോ? പ്രശ്നങ്ങളൊന്നുമില്ലല്ലോ.'

ഇല്ലായെന്ന് ഞാൻ പേടിച്ച് പറഞ്ഞു.

അദ്ദേഹം പോയി. കുട്ടികളൊക്കെ ചോദിച്ചു 'എന്താണ് പ്രശ്നം'. എനിക്കറിഞ്ഞുകൂടാ എന്നു ഞാൻ പറഞ്ഞു. പിറ്റേദിവസം അതേ സമയത്ത് അദ്ദേഹം വന്നു. സുഗത എവിടെയെന്നു ചോദിച്ചു. ഞാൻ വീണ്ടും എഴുന്നേറ്റു തൊഴുതു. 'എന്താ പ്രശ്നം'. അദ്ദേഹം ചോദിച്ചു. പ്രശ്നമൊന്നുമില്ലായെന്ന് ഞാൻ പറഞ്ഞപ്പോൾ ക്ലാസിൽ ഒരു ചിരി മുഴങ്ങി. ഞാൻ ആകെ വിഷമിച്ചു. മൂന്നാം ദിവസവും ഇതു തന്നെ സംഭവിച്ചു.

ഞാൻ വീട്ടിൽച്ചെന്ന് അച്ഛനോട് വഴക്കുണ്ടാക്കി. സ്വാമി എന്നും വന്ന് എന്നെ വിഷമിപ്പിക്കുന്നു. അച്ഛൻ ജയചന്ദ്രനെ വിളിച്ചു. സുഗതക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അ വൾ അങ്ങോട്ടു വന്നുപറയും.

ക്ലാസിൽ ചെല്ലണ്ടേയെന്നു സ്വാമി ചോദിച്ചു.

വേണ്ടായെന്ന് അച്ഛൻ.

കുട്ടികൾ കളിയാക്കിയതിന്റെ ഗൗരവമൊന്നും അദ്ദേഹം കാര്യമാക്കിയില്ല. കോളജിൽ ആൺകുട്ടികൾ കാണുമ്പോൾ 'എന്താ പ്രശ്നം' എന്നു പിന്നീട് എന്നോടു ചോദിച്ചു കളിയാക്കുമായിരുന്നു. അതുകൊണ്ട് എനിക്ക് സ്വാമിയോടു വലിയ പിണക്കമായിരുന്നു. പിന്നൊരുകാര്യത്തിൽ ഞങ്ങൾ തമ്മിൽ വഴക്കിട്ടു. സ്വാമിയായിരുന്നു അന്ന് മാഗസിൻ എഡിറ്റർ. ഞാൻ ഒരു കവിത എഴുതി കൊടുത്തു. ഉണ്ണിക്കൃഷ്ണനെപ്പറ്റിയുള്ള കവിതയാണ്. *'നാളെനിനക്കായി നല്ലൊരു ഗാനം കോലക്കുഴലിൽ വിളിച്ചേക്കാം'* എന്നു ഞാൻ എഴുതി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ മാഗസിൻ എഡിറ്റർ ക്ലാസിൽ വന്നു.

കോലക്കുഴൽ എന്നൊരു വാക്കില്ല. കുട്ടിയെഴുതിയിരിക്കുന്നത് തെറ്റാണ്. എനിക്കാണെങ്കിൽ ശുണ്ഠിവന്നു. അങ്ങനെ വാക്കുണ്ടെന്നു ഞാൻ പറഞ്ഞു. അദ്ദേഹം ആ വാക്ക് വെട്ടി. എങ്കിൽ എന്റെ കവിത പ്രസിദ്ധീകരിക്കേണ്ടയെന്നു ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന് ഒരു വിഷമം.

ഗുപ്തൻനായർ സാറും കൃഷ്ണപിള്ളസാറും അവിടെയുണ്ട്. അവരോടാരോടെങ്കിലും ചോദിക്കാൻ പറഞ്ഞു. അത്രയൊക്കെ പറയുവാനുള്ള ധൈര്യം വന്നു. അങ്ങനെ വാക്കുണ്ടെന്ന് ഗുപ്തൻ നായർ സാർ പറഞ്ഞു. കൃഷ്ണഗാഥയിൽ ഉപയോഗിച്ചിട്ടുണ്ടെന്നുമൊക്കെ പറഞ്ഞു.

എന്റെ ഭർത്താവ് വേലായുധൻനായരുടെ അടുത്ത സുഹൃത്തായിരുന്നു സ്വാമി. ഒരുപാടു തവണ കണ്ടിട്ടുണ്ട്. വന്ദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. തർക്കിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ കണ്ടത് ഞങ്ങളുടെ വീടിനടുത്തുള്ള ഒരു ഇടവഴിയിൽ കൂടി കമലാഭായി ചേച്ചിയുടെ വീട്ടിലേക്കു വരുമ്പോഴാണ്. ഒപ്പം ശിഷ്യന്മാരുമുണ്ട്. സ്വാമി വരുന്നതുകണ്ട് ഞാൻ തൊഴുത് മാറിനിന്നു. വർഷങ്ങൾ ഒരുപാടായി. താടിയൊക്കെ നരച്ചുതുടങ്ങി. എനിക്കും പ്രായമായി. അടുക്കലേക്ക് വന്ന് എന്റെ കൈയിൽ തൊട്ടുകൊണ്ടു പറഞ്ഞു. "നിങ്ങൾ രണ്ടുപേരും എന്റെ ഹൃദയത്തിലുണ്ട്." എന്റെ കണ്ണുനിറഞ്ഞുപോയി. അതൊരു വലിയ അനുഗ്രഹമായിട്ട് ഞാൻ കാണുന്നു. പിന്നീട് മരണവാർത്തയാണ് കേൾക്കുന്നത്.

അദ്ദേഹം വലിയ ആളായിരുന്നു. അദ്ദേഹത്തെക്കാൾ വലിയ ഒരു ഗുരു അദ്ദേഹത്തിനുണ്ടായിരുന്നു. ശ്രീനാരായണഗുരു. നാരായണഗുരുസ്വാമിയുടെ ശിഷ്യപരമ്പരയിൽപ്പെട്ടയാളാണ് നിത്യചൈതന്യയതി. ഒരു ജാതി, ഒരു മതം ഒരു ദൈവം മനുഷ്യന്. ഇവ ഞാൻ ഗാന്ധിജിയുടെയും വാക്കുകളായിരുന്നു. വളരെ ലളിതമായി നാരായണഗുരുദേവൻ നമുക്ക് പറഞ്ഞുതന്നു. ഒരു ജാതി മതി മനുഷ്യന്. ഒരു ദൈവം മതി. എന്തു പേരിട്ടും വിളിക്കൂ. ഒരു മതം മതി. മനുഷ്യന്റെ മതം. എല്ലാ ദുരിതങ്ങളും അനുഭവിക്കുന്നവരാണ് മനുഷ്യർ. നമുക്ക് എന്നും ദുഃഖങ്ങളാണ്. പ്രശ്നങ്ങളാണ്, ആകുലതയാണ്. അതിനൊക്കെ അപ്പുറമായി ആരുടെയെങ്കിലും പാദത്തിൽ മുറുക്കെ പിടിക്കണമെങ്കിൽ അതു ഏതു പേരാണെന്നു ചിന്തിക്കരുത്. ആ പാദത്തിൽ മുറുക്കെ പിടിക്കുക. നല്ലവരായി ജീവിക്കുക. സന്മാർഗ്ഗത്തിൽ കൂടി മാത്രം നടക്കുക. ഈശ്വര വിചാരത്തോടെ അഭിമാനത്തോടെ ധൈര്യത്തോടെ ജീവിക്കുക. ഇതാണ് മഹാപുരുഷന്മാർ, ആചാര്യൻമാർ എല്ലാവരും നമ്മെ പഠിപ്പിച്ചത്.

*2012ൽ ജൂൺ 12 ഗുരുനിത്യചൈതന്യയതി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഗുരുനിത്യചൈതന്യയതി സ്മാരക പ്രഭാഷണം ഉദ്ഘാടനം ചെയ്തുകൊണ്ട് കുട്ടികൾക്കുവേണ്ടി മാവേലിക്കരയിൽ നടത്തിയ പ്രസംഗം*